മി. സ്പീക്കർ: ഓർഡർ.....ഓർഡർ.... ചോദ്യം നമ്പർ *211

**പട്ടിക വിഭാഗങ്ങൾക്ക് ഭൂമി**

1(*211) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം ഭൂമിയുടെ ഉടമസ്ഥത ആണെന്നതിനാൽ അവരെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നതിന് നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ ഇക്കാര്യത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; അതിലൂടെ ഭൂമി നൽകുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആദിവാസി മേഖലകളോട് ചേർന്ന് കിടക്കുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ സ്ഥലം പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂഉടമകളിൽനിന്നും വാങ്ങി ലാൻഡ് ബാങ്കിലുൾപ്പെടുത്തി അർഹരായവർക്ക് വിതരണം ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭൂമി അവർക്കുതന്നെ ലഭിക്കുന്നുവെന്നും അത് അന്യാധീനപ്പെടുത്തുന്നില്ലായെന്നും ഉറപ്പാക്കുന്നതിന് സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ,

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീടുവയ്ക്കുവാൻ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. അർഹരായ കുടുംബങ്ങൾ സ്വന്തം നിലയിൽ സ്ഥലം കണ്ടെത്തി സർക്കാർ ധനസഹായം ഉപയോഗിച്ച് വിലയ്ക്ക് വാങ്ങുന്ന പദ്ധതിയാണിത്. ഗ്രാമപ്രദേശത്ത് 5 സെന്റ്

സ്ഥലം വാങ്ങുവാൻ 3,75,000 രൂപയും മുനിസിപ്പൽ പ്രദേശത്ത് 3 സെന്റ് വാങ്ങുവാൻ 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റ് വാങ്ങുവാൻ 6,00,000 രൂപയും അനുവദിക്കുന്നു.

ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന്:-

- 2002-ലെ സുപ്രീംകോടതി വിധി പ്രകാരം ലഭിച്ച നിക്ഷിപ്ത വനഭൂമിയുടെ വിതരണം.
- വനാവകാശ നിയമപ്രകാരം ആർ.ഒ.ആർ. അനുവദിക്കുന്ന പദ്ധതി
- റവന്യൂ ഭൂമിയുടെയും ഫാം ഭൂമിയുടേയും വിതരണം
- ലാൻഡ് ബാങ്ക് പദ്ധതി

എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുമ്പോൾ പട്ടികവിഭാഗങ്ങൾക്കും ആനുപാതികമായി വീടുകൾ ലഭിക്കും.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 ഡിസംബർ 31 വരെ 18637 ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുവാൻ

സ്വന്തമായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ മേഖലയിൽ ഈ സർക്കാർ വന്നശേഷം 4768 കുടുംബങ്ങൾക്ക് 3869.73 ഏക്കർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

- വനാവകാശ നിയമപ്രകാരം 1395 കുടുംബങ്ങൾക്ക് 1796.96 ഏക്കർ സ്ഥലത്തിന് ആർ. ഒ.ആർ. നൽകി.
- 2002-ലെ സുപ്രീംകോടതി വിധി പ്രകാരം 19002.2 ഏക്കർ നിക്ഷിപ്ത വനഭൂമി ലഭ്യമായിരുന്നു. ഇതിൽ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് ശേഷം വാസയോഗ്യമാണെന്ന് കണ്ടെത്തിയ ഭൂമിയിൽ നിന്നും 5408.14 ഏക്കർ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2708 കുടുംബങ്ങൾക്ക് 1870.41 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.
- 186 കുടുംബങ്ങൾക്ക് 27.30 ഏക്കർ റവന്യൂ ഭൂമി അനുവദിച്ചു.
- ഗുണഭോക്താക്കൾ നിർദ്ദേശിക്കുന്ന ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പഴയ പദ്ധതി പ്രകാരം 273 പേർക്ക് 149.05 ഏക്കർ ഭൂമി വാങ്ങി നൽകി.

- ലാൻഡ് ബാങ്ക് പദ്ധതി ഫണ്ടുപയോഗിച്ച് 206 കുടുംബങ്ങൾക്ക് 26.02 ഏക്കർ സ്ഥലം വാങ്ങി നൽകി.

(സി) ലാൻഡ് ബാങ്ക് പദ്ധതി 2018-19-ലാണ് ആരംഭിച്ചത്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റി ശിപാർശ ചെയ്ത് സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി അംഗീകരിക്കുന്ന സ്ഥലങ്ങളാണ് ഈ പദ്ധതി പ്രകാരം വാങ്ങുന്നത്.

- ഈ പദ്ധതിയിൽ മലപ്പുറം ജില്ലയിൽ 34 കുടുംബങ്ങൾക്ക് 5.27 ഏക്കറും കോഴിക്കോട് ജില്ലയിൽ ഒരു കുടുംബത്തിന് 28 സെന്റും വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണിമൂലം മാറ്റി പാർപ്പിക്കേണ്ടി വന്ന 171 കുടുംബങ്ങൾക്ക് 20.47 ഏക്കർ സ്ഥലവും വാങ്ങി നൽകി.
- കോട്ടയം ജില്ലയിൽ 2.15 ഏക്കർ, എറണാകുളം ജില്ലയിൽ 6.24 ഏക്കർ, വയനാട് ജില്ലയിൽ 7.34 ഏക്കർ, പാലക്കാട് ജില്ലയിൽ 7.3 ഏക്കർ, കോഴിക്കോട് ജില്ലയിൽ 3.79 ഏക്കർ, കാസർഗോഡ് ജില്ലയിൽ 19.25 ഏക്കർ എന്നിങ്ങനെ 46.07 ഏക്കർ സ്ഥലം വാങ്ങിയതിന്റെ വിതരണ നടപടികൾ അന്തിമഘട്ടത്തിലാണ്.
- ഇതിനുപുറമെ പത്തനംതിട്ട ജില്ലയിൽ 5.50 ഏക്കറും

വയനാട്ടിൽ 6.16 ഏക്കറും ഉൾപ്പെടെ 11.66 ഏക്കർ സ്ഥലം വാങ്ങുവാനുള്ള നടപടികൾക്ക് സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുമുണ്ട്.

(ഡി) പട്ടികവിഭാഗങ്ങൾക്ക് ലഭിക്കുന്ന ഭൂമി അന്യാധീനപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ നിലവിൽ നിയമ വ്യവസ്ഥകളുണ്ട്. കേരള റെസ്ട്രിക്ഷൻ ഓൺ ട്രാൻസ്ഫർ ബൈ & റസ്റ്റോറേഷൻ ഓഫ് ലാൻഡ്സ് ടു ഷെഡ്യൂൾഡ് ട്രൈബ്സ് ആക്ട്, 1999 പ്രകാരം അനന്തരാവകാശികൾക്കല്ലാതെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് നിരോധനമുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം നൽകുന്ന പട്ടയത്തിലും പട്ടികജാതിക്കാർ രജിസ്റ്റർ ചെയ്യുന്ന പ്രമാണങ്ങളിലും 12 വർഷത്തേയ്ക്ക് കൈമാറ്റം പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആദിവാസികളുടെ കൈവശത്തിലുള്ള ഭൂമി അന്യാധീനപ്പെടുന്ന സ്ഥിതി ഇപ്പോൾ നിലവിലില്ല. മാത്രമല്ല വിവിധ പദ്ധതികൾ പ്രകാരം അനുവദിക്കപ്പെടുന്ന ഭൂമിയിൽ വീട് വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും സർക്കാർ ധനസഹായം നൽകുന്നുണ്ടെന്നതിനാൽ ഭൂമി ഉപയോഗിക്കുവാൻ കൂടുതൽ താൽപ്പര്യം പുലർത്തുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ ഓഡിറ്റിന്റെ ആവശ്യകത വരുന്നില്ല. എങ്കിലും സോഷ്യൽ

ഓഡിറ്റ് ഏർപ്പെടുത്തുന്നതിന് സർക്കാർ എതിരല്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമപ്രദേശത്ത് 5 സെന്റ് സ്ഥലം വാങ്ങാൻ 3,75,000 രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റിന് 4,50,000 രൂപയും അതോടൊപ്പം തന്നെ കോർപ്പറേഷനിൽ 3 സെന്റിന് 6,00,000 ലക്ഷം രൂപയും നൽകുന്നുണ്ട്. ഈ പണം നൽകി സ്ഥലം വാങ്ങുവാൻ ശ്രമിക്കുമ്പോൾ പലർക്കും അനുയോജ്യമായ സ്ഥലം ലഭിക്കുന്നില്ല. അവരുടെ വീട്ടിൽനിന്ന് കിലോമീറ്ററുകൾക്ക് അപ്പുറത്ത് പോയി സ്ഥലം വാങ്ങുകയും അവിടെ ഒറ്റപ്പെട്ട് ജീവിക്കേണ്ട അവസ്ഥയും ഉണ്ടാകുകയാണ്. സർക്കാർ ഈ പണം കൊടുക്കുന്നതിന് പകരം അവർക്ക് ആവശ്യമുള്ള സ്ഥലം അവരുടെ പ്രദേശത്ത് തന്നെ ഏറ്റെടുത്ത് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ വല്ലതുമുണ്ടോ? പണത്തിനു പകരം സ്ഥലം ഏറ്റെടുത്ത് കൊടുക്കുന്ന രീതിയിലുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാനിവിടെ പറഞ്ഞതിൽ കൂടുതലും അത്തരത്തിലുള്ള പദ്ധതികളെക്കുറിച്ചാണ്. നേരത്തെ പണംകൊടുത്ത് ഭൂമി

വാങ്ങുന്ന പദ്ധതിയെക്കുറിച്ചെല്ലാം ആക്ഷേപങ്ങൾ വന്ന പശ്ചാത്തലത്തിലാണ് ലാൻഡ് ബാങ്ക് പദ്ധതി 2018-2019-ൽ ആരംഭിച്ചത്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള പർച്ചേസ് കമ്മിറ്റി ശിപാർശ ചെയ്ത് സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി അംഗീകരിക്കുന്ന സ്ഥലങ്ങളാണ് വാങ്ങുന്നത്. അവരുടെ കൂടെ നിർദ്ദേശത്തിന്റെയും താൽപ്പര്യത്തിന്റെയും അടിസ്ഥാനത്തിലാണ് സ്ഥലം വാങ്ങി നൽകുന്നത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇവിടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സർക്കാർ പലപ്പോഴും റബ്ബർ വയ്ക്കുന്നതിനും മറ്റു കൃഷിക്കുംവേണ്ടി ഭൂമിനൽകാറുണ്ട്. ഈ ഭൂമിയെല്ലാം മറ്റു വിഭാഗത്തിൽപ്പെട്ട ആളുകൾ പാട്ടവ്യവസ്ഥയുടെ പേരിൽ കൈവശം വയ്ക്കുകയും അതിൽനിന്ന് വരുമാനമുണ്ടാക്കുന്ന അവസ്ഥയും പലയിടത്തുമുണ്ട്. ഇങ്ങനെ ഏതെങ്കിലും സ്ഥലത്ത് പാട്ടവ്യവസ്ഥയിൽ മറ്റു വിഭാഗത്തിൽപ്പെട്ട ആളുകൾ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ അവ തിരിച്ചുപിടിച്ച് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൊടുക്കുവാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറയുന്നത് നേരത്തെ നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ഭൂമി പാട്ടവ്യവസ്ഥയിലും അല്ലാതെയും കൈവശപ്പെടുത്തുന്ന രീതികൾ ഉണ്ടായിരുന്നതിനെ സംബന്ധിച്ചാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും നൽകുന്ന ഭൂമി ഒരുതരത്തിലും അന്യാധീനപ്പെട്ട് പോകാതിരിക്കാൻ ആവശ്യമായിട്ടുള്ള കരുതലുകൾ എടുക്കുന്നുണ്ട്. അതുപോലെതന്നെ കൃഷി ചെയ്യുന്നതിനാവശ്യമായ സഹായം നൽകുന്നതുകൊണ്ടുതന്നെ ഈ ഭൂമി കൈമാറ്റം ചെയ്യാനും അവർക്ക് ഒട്ടും താല്പര്യമില്ല. എല്ലാവരുടെ കയ്യിലും അവരുടെ ഭൂമി സ്വന്തമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനായി ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 2019-2020 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിനുകീഴിൽ വീടില്ലാത്ത പട്ടികജാതിയിലുള്ള ആളുകൾക്ക് ലൈഫ് മിഷൻ പദ്ധതിപ്രകാരം 400 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ 31-03-2020-ലെ കണക്കുകൾ പ്രകാരം ഇതിൽ ഒരു തുകപോലും

ചെലവഴിച്ചിട്ടില്ലെന്നാണ് കാണുന്നത്. അതുപോലെതന്നെ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ആളുകൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം 102 കോടി രൂപയും വകയിരുത്തിയിരുന്നു. സംസ്ഥാന പ്ലാനിംഗ് ബോർഡിലെ 31-03-2020-ലെ കണക്കുകൾ പ്രകാരം ഇതിലും ഒരു തുകപോലും ചെലവഴിച്ചിട്ടില്ല. ഈ തുക ചെലവഴിക്കാതെ ബഡ്ജറ്റ് ഹെഡിൽ സറണ്ടർ ചെയ്തുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് എന്താണെന്നുള്ളത് അങ്ങേയ്ക്ക് വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് വിവിധ ഭവനനിർമ്മാണ പദ്ധതികളെ യോജിപ്പിച്ചുകൊണ്ട് ഭൂരഹിത ഭവനരഹിത സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച ഏറ്റവും മഹത്തായ പദ്ധതിയാണ് ലൈഫ് മിഷൻ. ലൈഫ് മിഷന്റെ ഭാഗമായി 2019-2020 ബഡ്ജറ്റിൽ ഇതിനായി 400 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. സ്വാഭാവികമായ അർഹതാപരിശോധന നടത്തിയപ്പോൾ ലഭ്യമായ കണക്കനുസരിച്ച് 13019 വീടുകൾക്ക് നിർമ്മാണാനുമതി ലൈഫ് മിഷൻ നൽകുകയുണ്ടായി. സാധാരണഗതിയിൽ ഡിപ്പാർട്ടുമെന്റ് ഒരു വീട് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്ത്

നടപ്പിലാക്കുമ്പോൾ 4,00,000 രൂപ വകുപ്പിൽനിന്ന് കൊടുക്കുമായിരുന്നെങ്കിൽ, ലൈഫ് മിഷന് ഒരു പ്രത്യേക ഗുണം ലഭിച്ചത് അതിന്റെ അവസാനഘട്ടത്തിൽ ഒരു ലക്ഷം രൂപകൊടുത്താൽ മതിയെന്നുള്ളതാണ്. നമുക്ക് 400 കോടി രൂപയുണ്ടായിരുന്നു. 400 കോടി രൂപ വകുപ്പ് നേരിട്ട് നൽകിയിരുന്നെങ്കിൽ 10,000 വീടുകൾക്കുള്ള തുക മാത്രമാണ് യഥാർത്ഥത്തിൽ ഉണ്ടായിരുന്നത്. ലൈഫ് മിഷൻ മുഖേന വീട് നിർമ്മിച്ചപ്പോൾ 1,00,000 രൂപ വീതം കൊടുത്താൽ മതിയായിരുന്നു. എന്നാൽ 13019 വീടുകൾ ഇപ്പോൾത്തന്നെ നിർമ്മിച്ച് കൊടുക്കുവാൻ സാധിച്ചു. അതാണ് ഈ തുകയിൽ ചെലവിൽവന്നിട്ടുള്ള അന്തരം കാണുന്നത്. ലൈഫ് മിഷനിൽ ഒരു വീടിന് ഒരു ലക്ഷം രൂപ വീതം കൊടുത്താൽ മതിയായിരുന്നു. മറ്റേത് 4,00,000 ലക്ഷം രൂപ കൊടുക്കേണ്ടി വരുമായിരുന്നു. ആ ഒരു സേവിംഗ്സ് യഥാർത്ഥത്തിൽ വകുപ്പിന് വീടുനിർമ്മാണത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് ഒഴിച്ചാൽ അർഹതപ്പെട്ട ആളുകൾക്ക് വീടുകൊടുക്കുന്ന കാര്യത്തിൽ കുറവുണ്ടായിട്ടില്ലെന്ന് കാണാൻ സാധിക്കും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ലൈഫ് മിഷന്റെ എണ്ണം കൂട്ടാൻവേണ്ടിയാണ് ഈ പദ്ധതിയിൽ അനർഹരെ കൂട്ടിചേർത്തതെന്ന് പകൽപോലെ സത്യമാണ്. ലൈഫ് മിഷനിൽ ഇത്ര വീട് കൊടുത്തെന്ന് കാണിക്കാൻ വേണ്ടിയാണ്. അത് വേറൊരു സംവിധാനത്തെ കണ്ടുകൊണ്ട് അവർക്ക് സെപ്പറേറ്റ് കൊടുക്കേണ്ട സാഹചര്യമാണ് വേണ്ടിയിരുന്നത്. സ്വഭാവികമായും അത് രാഷ്ട്രീയ തീരുമാനമായിരിക്കും. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പട്ടയഭൂമി തുച്ഛമായ വിലയ്ക്ക് മറ്റുവിഭാഗക്കാർ കബളിപ്പിച്ചു വാങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇങ്ങനെ കബളിപ്പിച്ചു വാങ്ങുന്നവർ കൃഷിയും മറ്റുള്ള കാര്യങ്ങളും ചെയ്ത് ഈ പാവങ്ങളെ പറ്റിക്കുന്ന സമീപനമുണ്ട്. അത് തടയുന്നതിന് എന്തെങ്കിലും നിയമപരമായ കാര്യങ്ങൾ കൊണ്ടുവന്ന് ഈ പാവങ്ങളെ കബളിപ്പിക്കുന്ന കാര്യത്തിൽ ഇടപെടാൻ സർക്കാർ തയ്യാറാകുമോ? നമുക്ക് പല സ്ഥലങ്ങളിലായി തരിശുഭൂമികൾ ധാരാളം കിടപ്പുണ്ട്. ഇവിടെ നേരത്തെ ചോദിക്കുകയുണ്ടായി, പൈസ കൊടുക്കുന്നതിന് പകരം, അതായത് പൈസകൊടുക്കുമ്പോൾ നല്ല സ്ഥലം ലഭിക്കുന്നതിനുവേണ്ടി സ്വാഭാവികമായും അവർ വീണ്ടും പൈസ ചെലവഴിക്കേണ്ട സാഹചര്യം വരും. അല്ലെങ്കിൽ ആൾതാമസമില്ലാത്തതോ

വാസയോഗ്യമല്ലാത്തതോ ആയ സ്ഥലത്ത് പോയി താമസിക്കേണ്ട സാഹചര്യമുണ്ടാകും. ഇങ്ങനെയുള്ള തരിശുഭൂമികൾ, നല്ല സ്ഥലങ്ങൾ ഈ പാവപ്പെട്ട ദുരിതമനുഭവിക്കുന്ന, വീടില്ലാത്ത/സ്ഥലമില്ലാത്ത ആളുകൾക്ക് കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ലൈഫ് മിഷനെ സംബന്ധിച്ച് അങ്ങ് പറഞ്ഞതുപോലെ അതൊരു രാഷ്ട്രീയ തീരുമാനം തന്നെയാണ്. നമ്മുടെ സംസ്ഥാനത്തെ ഭവനരഹിതരായിട്ടുള്ള മുഴുവൻ ആളുകൾക്കും ഭവനം നിർമ്മിച്ചുകൊടുക്കുകയെന്നത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിതമായിട്ടുള്ള നിലപാടും നയവുമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ സംബന്ധിച്ച് അത് രാഷ്ട്രീയമായുള്ള തീരുമാനം തന്നെയാണ്. അതിൽ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും മുന്നോക്ക സമുദായക്കാരും പിന്നോക്ക സമുദായക്കാരുമുണ്ട്. ഏത് വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും എല്ലാവർക്കും വീട് നിർമ്മിച്ചുകൊടുക്കുകയെന്നുള്ളത് ഗവൺമെന്റിന്റെ നയമാണ്. അതിനാവശ്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. പട്ടികവർഗ്ഗത്തിന് 102 കോടി രൂപ വകയിരുത്തിയതിൽ 64.50 കോടി രൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ,

നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിന് ഇപ്പോൾ നിവൃത്തിയില്ലാത്തതുകൊണ്ട് വളരെ കരുതലോടുകൂടിയുള്ള സമീപനങ്ങൾ സ്വീകരിക്കുന്നതുകൊണ്ട് ഇത്തരത്തിലുള്ള പരാതികൾ സമീപകാലത്ത് ഉയർന്നുവന്നിട്ടില്ല. നേരത്തെ ഇതൊക്കെ ഉണ്ടായിരുന്നുവെന്നത് വാസ്തവമാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വനാവകാശ നിയമപ്രകാരം വനഭൂമിയിൽ താമസിക്കുന്ന ആദിവാസികൾക്ക് തങ്ങളുടെ ഭവനങ്ങൾ നിർമ്മിക്കുവാൻ വനത്തിലുള്ള മരങ്ങൾ മുറിക്കുവാനുള്ള വ്യവസ്ഥ നിയമത്തിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പലയിടത്തും പ്രത്യേകിച്ച്, പേപ്പാറ റേഞ്ചിലും പരുത്തിപ്പള്ളി റേഞ്ചിലുമൊക്കെ വീടുവയ്ക്കുവാൻ തുടങ്ങുന്ന ആദിവാസി സുഹൃത്തുക്കൾ മരം മുറിക്കാൻ തുടങ്ങുമ്പോൾ ഫോറസ്റ്റ് ഓഫീസർമാർ വന്ന് തടഞ്ഞ് കേസ് ചാർജ്ജ് ചെയ്യുകയാണ്. നിയമത്തിന്റെ ഭാഗമായി ഇങ്ങനെ കാര്യങ്ങൾ ചെയ്യുവാനായി നോക്കുമ്പോൾ, പ്രത്യേകിച്ച് ഉൾവനത്തിൽ സർക്കാർ തരുന്ന പണം കൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. അങ്ങനെയുള്ള ആളുകളുടെമേൽ ചുമത്തിയിരിക്കുന്ന അനാവശ്യമായ കേസുകൾ

പിൻവലിക്കാനും അതോടൊപ്പം യാതൊരു തടസ്സവുമില്ലാതെ നിയമപ്രകാരം അവർക്ക് വീടുവയ്ക്കാൻ കഴിയുന്നതിനുള്ള സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നിയമപ്രകാരം വീടുവയ്ക്കുന്നതിനാവശ്യമായ എല്ലാ സഹായവും സർക്കാർ നൽകുന്നുണ്ട്. അതിനാവശ്യമായ ധനം, പിന്തുണ, വകുപ്പിന്റെ ശ്രദ്ധ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക പരിരക്ഷ എന്നിവ ഗവൺമെന്റ് നൽകുന്നുണ്ട്, അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ മറവിൽ വനംവെട്ടി വെളുപ്പിക്കാൻ വേണ്ടിയുള്ള പരിശ്രമം ആരെങ്കിലും നടത്തിയാൽ അതിനെ അംഗീകരിക്കാൻ സാധിക്കില്ല എന്നതുമാത്രമേയുള്ളൂ. വനാവകാശ നിയമം രാജ്യത്തിന് ബാധകമായ നിയമമാണ്. ആ നിയമമനുസരിച്ച് തന്നെ തീരേണ്ടതായിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള നടപടികൾ അങ്ങയുടെ മറുപടിയിൽ നേരത്തെ കണ്ടു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണശേഷം ഈ ഗവൺമെന്റ് വന്നപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരായവർക്ക് ധാരാളം മുന്നേറ്റമുണ്ടാക്കൻ

കഴിഞ്ഞിട്ടുണ്ട്. എന്നാലും അവരുടെ ഭൂപ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അതിനുവേണ്ടിയുള്ള പ്രത്യേക ഇടപെടൽ എന്തെങ്കിലും നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വരുന്ന ഘട്ടത്തിൽ 11744 ഭൂരഹിതരാണ് ഉണ്ടായിരുന്നത്. അവരുടെ എണ്ണം ഇപ്പോൾ 7136 ആയി കുറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി മൂവായിരത്തോളം പേർക്ക് ഭൂമി ഈ സന്ദർഭത്തിൽ വിതരണം ചെയ്യാൻ തുടങ്ങുകയാണ്, വിതരണം ചെയ്യും. അവശേഷിക്കുന്ന നാലായിരം പേരുടെ കാര്യമാണ് യഥാർത്ഥത്തിൽ ഇപ്പോഴുള്ളത്. വനം വകുപ്പിന്റെ നിക്ഷിപ്ത വനഭൂമി അവർക്കും വിതരണം ചെയ്യാനുള്ള നടപടികൾ ഏതാണ്ട് അവസാനഘട്ടത്തിലാണ്. വനംവകുപ്പിന്റെയും റവന്യൂവകുപ്പിന്റെയും സംയുക്ത സർവ്വേ അക്കാര്യത്തിൽ നടന്നുവരുന്നുണ്ട്. ഇതെല്ലാം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന വിവിധ ഉന്നതതല യോഗങ്ങളുടെ അടിസ്ഥാനത്തിലെടുത്ത തീവ്രമായ തുടർനടപടികളുടെ ഭാഗമായി

ഉണ്ടായിട്ടുള്ളതാണ്. 4-1-2017-ലും 4-4-2018-ലും 29-1-2019-ലും 8-8-2019-ലും 17-6-2020-ലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളെല്ലാം സംസ്ഥാനത്ത് എസ്.സി./എസ്.ടി. വിഭാഗത്തിന് ഭൂമി വിതരണം ചെയ്യുന്നതിന്റെ പുരോഗതിയെ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 29-1-2019-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ റവന്യൂ, വനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 28-6-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ ചെയർമാനായും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രോജക്ട് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.), ഡെപ്യൂട്ടി ഡയറക്ടർ (സർവ്വേ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത് വകുപ്പ്) ഇവർ അംഗങ്ങളായി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലകളിൽ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നതുകൊണ്ട് വിവിധ രൂപത്തിലുള്ള ഭൂമി വിതരണം നമുക്ക്

നടത്തുവാൻ സാധിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 1250 പേർക്ക് ഭൂമി നൽകാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ആ നിലയിലുള്ള പ്രവർത്തനങ്ങളെല്ലാം മുന്നോട്ടുപോകുന്നതിന് കാരണമായിട്ടുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള അവലോകന യോഗങ്ങൾ സൃഷ്ടിച്ച വേഗത തന്നെയാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, കേരളത്തിലെ നിരവധി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരീക്ഷയെഴുതി ലിസ്റ്റിൽ ഇടം പിടിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ട്. ഇവരൊക്കെ ലിസ്റ്റിൽ വരാത്ത സാഹചര്യത്തിൽ അവരുടെ ജീവിതരീതി മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി വനാവകാശനിയമം അനുസരിച്ച് പതിച്ചുകൊടുത്ത ഭൂമിയിലും സ്വന്തമായ ഭൂമിയിലും ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ഒട്ടനവധി യുവാക്കൾ തയ്യാറായി ഇറങ്ങിയിരിക്കുകയാണ്. അത്തരത്തിലുള്ള കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നേരത്തെയുള്ള എന്റെ മറുപടിയിൽ പ്രത്യേകിച്ച് ഇതുസംബന്ധിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. ലഭ്യമായ വനഭൂമി നിക്ഷിപ്ത താൽപ്പര്യക്കാർക്ക് തട്ടിക്കൊണ്ടുപോകാൻ സാധിക്കാതെ വരുന്നതിന്റെ കാരണം, വകുപ്പ് പ്രത്യേകിച്ചും ചിലപ്പോൾ കൃഷിവകുപ്പുമായി ചേർന്നും കാർഷിക സർവ്വകലാശാലയുമായും ചേർന്ന് നടത്തുന്ന പുതിയ കാർഷിക വികസന പദ്ധതികൾ തന്നെയാണ്. ഒന്നുരണ്ട് പ്രധാന പദ്ധതികൾ ഈ മേഖലയിൽ നടത്തുന്നുണ്ട്, അതിലൊന്ന് 'നമ്മുടെ കൃഷി' എന്ന് അർത്ഥം വരുന്ന 'Namuthu Vellame' പ്രോജക്ടാണ്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും പാരമ്പര്യ ജൈവകൃഷിയിലൂടെ ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുംവേണ്ടി K-DISC (Kerala Development and Innovation Strategic Council)-ന്റെ നേതൃത്വത്തിൽ തണൽ എന്ന സർക്കാരിതര ഏജൻസിയുടെ സാങ്കേതിക സഹായത്തോടെയുള്ള പദ്ധതിയാണ് 'Namuthu Vellame'. സ്വന്തമായി കൃഷി ഭൂമിയുള്ളതും കൃഷിചെയ്യാൻ താൽപ്പര്യമുള്ളതുമായ പട്ടികവർഗ്ഗ കർഷകർക്ക് ധാന്യം,

പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിന് 2019 മുതൽ ഗവൺമെന്റ് ധനസഹായം നൽകിവരുന്നുണ്ട്. അതുകൊണ്ടാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള യുവാക്കൾ ധാരാളമായി കാർഷിക മേഖലയിലേയ്ക്ക് സജീവമായി വരാനിടയായിട്ടുള്ളത്. കാടുവെട്ടി ഭൂമി കൃഷി യോഗ്യമാക്കുന്നതിന് ഏക്കറിന് 1750 രൂപ, നിലം ഉഴുന്നതിന് ഏക്കറിന് 2000 രൂപ, വിത്ത് വാങ്ങുന്നതിന് ഏക്കറിന് 300 രൂപ, വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിനായി വേലി നിർമ്മിക്കുന്നതിന് ഏക്കറിന് 2000 രൂപ, കാവൽ ചാള് നിർമ്മിക്കുന്നതിന് ഓരോ കർഷകനും 3000 രൂപ എന്നീ  നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. 2019-20 മുതൽ നാളിതുവരെ ഈ പദ്ധതി മുഖേന, അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽമാത്രം 34 ഊരുകളിൽ നിന്നായി 1208 കർഷകർക്ക് 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിക്ക് കീഴിൽ കൊണ്ടുവന്ന് 287 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി അത് നടപ്പിലാക്കിവരികയാണ്. 'മില്ലറ്റ് വില്ലേജ്' എന്ന പ്രോജക്ടിൽ, അട്ടപ്പാടിയിലെ കൃഷി ഉപജീവനമായിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് വേണ്ടി കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് 'അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി'. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ മേഖലയിൽനിന്നും

അന്യംനിന്നുപോയ പരമ്പരാഗത ഇനങ്ങളായ റാഗി, ചാമ, തിന, കുതിരവാലി, പനിവരക്, മണിച്ചോളം, കമ്പ് തുടങ്ങിയ ചെറുധാന്യങ്ങളുടെ കൃഷി തിരികെ കൊണ്ടുവരുന്നതിനും ചെറുധാന്യങ്ങൾ ഭക്ഷണത്തിലുൾപ്പെടുത്തി പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുംവേണ്ടി ആരംഭിച്ച പദ്ധതിയാണ്. ഈ പദ്ധതിയിൽ, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലായി 405571 ഊരുകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. പട്ടികവർഗ്ഗ വിഭാഗക്കാരായ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെറുധാന്യങ്ങൾ കൃഷിചെയ്യുന്നതിന് പുറമെ എണ്ണക്കുരുക്കൾ, പയറുവർഗ്ഗങ്ങൾ എന്നിവയും മില്ലറ്റ് വില്ലേജ് പദ്ധതിയിലൂടെ കൃഷി ചെയ്യുന്നുണ്ട്. പോഷകാഹാര കുറവുമൂലമുണ്ടാകുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ മരണനിരക്ക് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്. നാളിതുവരെ 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് ഈ കാർഷിക വികസന പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ പാരമ്പര്യ കൃഷി രീതി പ്രോത്സാഹനവും ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്.

അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, ആറളം ഫാം, ചീമേനി ഫാം എന്നിവിടങ്ങളിൽ പാരമ്പര്യ കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനുള്ള നടപടി പുരോഗമിച്ചുവരികയാണ്. ചെറുപ്പക്കാരെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള വൈവിധ്യമാർന്ന പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഏജൻസികളെ ഒഴിവാക്കി യുവാക്കൾക്ക് നേരിട്ട് പരിശീലനം കൊടുത്ത് പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുമോ? (...മൈക്ക് ഓഫ്...)

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ മേഖലയിൽ കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയുമാണ് പട്ടികവർഗ്ഗ വകുപ്പിനെ സഹായിച്ചുകൊണ്ട് കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി മുന്നോട്ട് വന്നിട്ടുള്ളത്. മറ്റ് ഏജൻസികളെയല്ല ഉപയോഗിക്കുന്നത്.

ശ്രീ. ഒ. ആർ. കേളു: സർ, സർക്കാർ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. പക്ഷേ ഭൂമി ലഭ്യമാക്കിയെങ്കിലും അത്തരം ഭൂമിയിൽ

അവർക്ക് സ്വന്തമായി കൃഷി ചെയ്യുന്നതിനുവേണ്ട മൂലധനമിറക്കാൻ കഴിയില്ല. അത്തരം കുടുംബങ്ങൾക്ക് മൈക്രോ സംരംഭങ്ങളൊക്കെ ആരംഭിക്കുന്നതിനും മറ്റു കാർഷിക പദ്ധതികളൊക്കെ നടപ്പിലാക്കുന്ന കാര്യവും ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. കൂടുതൽ കുടുംബങ്ങൾക്ക് അത്തരം ഭൂമിയിൽ കാർഷിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; നടപ്പാക്കാൻ സാധ്യതയുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് 'മില്ലറ്റ് വില്ലേജ്', 'Namuthu Vellame' തുടങ്ങിയ പദ്ധതികൾ പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയിൽ ആരംഭിച്ചത് സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനുവേണ്ടിയാണ് നമ്മൾ ആഗ്രഹിക്കുന്നത്. സംസ്ഥാനത്തുടനീളം ഈ പദ്ധതികൾ നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്താകെ കാർഷിക മേഖലയിൽ ഈ സജീവമായ സമീപനം കൊണ്ടുവരാൻ സാധിക്കും.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അട്ടപ്പാടിയിലുള്ള ഒരു ഭൂമി പ്രശ്നമാണ് എനിക്ക് ഈ ചോദ്യത്തിലൂടെ ഉന്നയിക്കാനുള്ളത്. അട്ടപ്പാടിയിലെ ഫാമിംഗ്

സൊസൈറ്റിക്ക് ഗവൺമെന്റ് പണ്ടുകാലത്ത് കൊടുത്ത 2800 ഏക്കർ ഭൂമിയിൽ നാന്നൂറ്റിഇരുപതോളം ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവരാണ് അവിടെ കൃഷിചെയ്യുന്നതും സൊസൈറ്റിയിലെ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതും. പക്ഷേ ഇപ്പോൾ അത് സൊസൈറ്റി ഭാരവാഹികൾ ഒരു വലിയ ബിസിനസ്സ് ഗ്രൂപ്പിന് പാട്ടത്തിന് കൊടുക്കുകയുണ്ടായി. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസിന് പോകുകയും കോടതി തൽക്കാലം അത് കൊടുക്കുന്നത് തടഞ്ഞിരിക്കുകയുമാണ്. സൊസൈറ്റിക്ക് കാർഷികവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെങ്കിൽ ഇതിൽ വ്യവസ്ഥ ചെയ്ത പ്രകാരം തന്നെ ഈ ആദിവാസി കുടുംബങ്ങൾക്കായി 2800 ഏക്കർ ഭൂമി വീതിച്ച് കൊടുക്കണമെന്നാണ് വ്യവസ്ഥ. കണ്ണൂരിലും മറ്റും അങ്ങനെ ചെയ്തിട്ടുണ്ട്. അങ്ങനെ വീതിച്ച് കൊടുക്കാൻ ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുമോ; ഇത് വളരെ വലിയ ചർച്ചയും തർക്കവുമായിട്ടുള്ള ഒരു പ്രശ്നമാണെന്ന് ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇത് വളരെ സജീവമായി ഉയർന്നു വന്ന ഒരു പ്രശ്നമാണ്. അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിയിൽ

ഗവൺമെന്റ് നിർദ്ദേശപ്രകാരമല്ലാതെ അവർ തന്നെയാണ് ആ മേഖലയിൽ ഫാം ടൂറിസം സംബന്ധിച്ച ഒരു പുതിയ പ്രോജക്ടുമായി രംഗത്തുവന്നത്. ആ ഫാം ടൂറിസം നടപ്പിലാക്കുന്നതിനുവേണ്ടി സംഘത്തിന്റെ ജനറൽ ബോഡി യോഗം അതിന്റെ അനുമതിയോടുകൂടി ചില നടപടികൾ സ്വീകരിച്ചു. അവർ സൊസൈറ്റിയുടെ പുരോഗതിയും സംഘത്തിലെ മെമ്പർമാരുടെയും കുടുംബങ്ങളുടെയും ഉന്നമനവും ലക്ഷ്യംവച്ചുകൊണ്ടാണ് ഇത്തരമൊരു പ്രോജക്ട് തയ്യാറാക്കിയതെന്നാണ് മനസ്സിലാക്കുന്നത്. ആദിവാസി വിഭാഗത്തിന് കൂടുതൽ ഗുണങ്ങൾ ഉറപ്പുവരുത്തുന്ന രീതിയിൽ നിക്ഷേപരഹിതമായി വരുമാനമുണ്ടാക്കുന്ന തരത്തിൽ വ്യവസ്ഥകളെല്ലാം ഉൾക്കൊള്ളിച്ച ഒരു കരാർ പ്രകാരം എൽ.എ. ഹോംസ്, തൃശ്ശൂർ എന്ന സ്ഥാപനവുമായി സൊസൈറ്റി ഒരു ഉടമ്പടി ഉണ്ടാക്കിയെന്നും മനസ്സിലാക്കുകയാണ്. നിർമ്മിതികൾക്കായി Right to use എന്ന വ്യവസ്ഥയിൽ സ്ഥലം ഉപയോഗിക്കാനായിരുന്നു ഉടമ്പടി. എന്നാൽ ഇത് ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ചു പോകുന്നുവെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചില കേസുകൾ ഹൈക്കോടതിയിലേയ്ക്ക് പോകുകയുണ്ടായി. ഹൈക്കോടതി ഇക്കാര്യത്തിൽ

ഇടപെട്ടു. സ്റ്റേ ചെയ്ത സാഹചര്യത്തിൽ സംഘം ഭരണസമിതി തന്നെ അതിന്റെ യോഗം 25.11.2020-ൽ ചേരുകയും ഫാം ടൂറിസം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇത് ഡെവലപ് ചെയ്ത് ഫാം ടൂറിസം പ്രോത്സാഹിപ്പിക്കാനായി രംഗത്തുവന്ന ഡെവലപ്പർമാരായ എൽ.എ. ഹോംസ്, തൃശ്ശൂർ എന്ന സ്ഥാപനവുമായി വച്ച ഉടമ്പടി അവർ റദ്ദു ചെയ്തിരിക്കുകയാണ്. ഗവൺമെന്റ് ഇത് ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നുണ്ട്. നിശ്ചയമായും ഭാവി പ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടലുണ്ടാകും.

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി വിഭാഗത്തിപ്പെടുന്നവർ നേരിടുന്ന ഏറ്റവും ഗൗരവമായ പ്രശ്നം ഭവനത്തിന്റേയും ഭൂമിയുടേതും തന്നെയാണ്. ഇക്കാര്യത്തിൽ  നാലു വർഷക്കാലവും ഈ വകുപ്പ് സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. ഏതാണ്ട് 17177-ഓളം പേർക്ക് ഇതിനകം സ്ഥലം വാങ്ങി നൽകിക്കഴിഞ്ഞു. അതനുസരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ഭൂമി നൽകുന്നുണ്ട്. ഭൂമി നൽകപ്പെടുന്നവർക്ക് വീട് നിർമ്മിക്കുകയെന്നതും അതുപോലെ  ഒരു ഭവനത്തിൽ തന്നെ നിരവധി കുടുംബങ്ങൾ താമസിക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്; ലൈഫ് ഭവന പദ്ധതിയിൽ

ഇപ്പോൾ രൂപപ്പെടുത്തിയിട്ടുള്ള സോഫ്റ്റ് വെയറിനുണ്ടായിട്ടുള്ള പ്രയാസം, ഒരു റേഷൻ കാർഡ് ഒരു ഗുണഭോക്താവ് എന്ന് നിശ്ചയിക്കപ്പെട്ട പ്രകാരം ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രോസസ്സിൽ ചില ഇടപെടൽ വേണ്ടിയിരിക്കുന്നു. പട്ടികജാതി വികസന വകുപ്പും ലൈഫ് മിഷനും ഒരുമിച്ച് ചേർന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് എനിക്ക് ഒന്നാമതായി അഭ്യർത്ഥിക്കാനുള്ളത്. അങ്ങ് പറഞ്ഞ പ്രകാരം അത് ശരിയാണ്; ഒരു ലക്ഷം രൂപ നീക്കിവച്ചാൽ ഒരു കുടുംബത്തിന് നാലുലക്ഷം രൂപ നീക്കിവയ്ക്കേണ്ട സ്ഥാനത്ത് ഒരു ലക്ഷം മതിയാകുമെന്നത് വസ്തുത. പക്ഷേ അതാത് വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഫണ്ട് പൂൾ ചെയ്യപ്പെടുമ്പോൾ ഭവന നിർമ്മാണത്തിനുവേണ്ടി നീക്കി വയ്ക്കുന്ന പണം  ഭവനനിർമ്മാണത്തിന് തന്നെ ഉപയോഗിക്കാൻ സാധിക്കുന്ന പാകത്തിൽ സമഗ്രമായി ലൈഫ് മിഷനുമായും  തദ്ദേശഭരണ സ്ഥാപനങ്ങളെയും കൂടി ചേർത്തുകൊണ്ടും ഈ പദ്ധതി ഏറ്റവും മെച്ചപ്പെട്ട നിലയിൽ നടത്താനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. ഒരു വീട്ടിൽ ഒരു പഞ്ചായത്ത് നമ്പർ, അത് ആ വീട്ട് നമ്പരായിരിക്കും; അവിടെ ഒരു റേഷൻ കാർഡേ ഉണ്ടായിരിക്കുകയുള്ളൂ. പക്ഷേ രണ്ടോമൂന്നോ കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ടായിരിക്കും. അത് എങ്ങനെ കൈകാര്യം ചെയ്യുമെന്നുള്ളത് പ്രത്യേകിച്ച് പരിശോധിക്കേണ്ടതായ കാര്യമാണ്. ഇപ്പോൾ ഒരു കുടുംബം എന്ന നിലയിൽ ഒരു വീടിന് മാത്രമേ ലൈഫ് മിഷനിൽ അർഹതയുണ്ടാകുകയുള്ളൂ. ഒന്നിലധികം കുടുംബങ്ങളുണ്ടെന്ന നിലയിൽ അർഹതയുണ്ടാകില്ല. അത് എങ്ങനെ വേണമെന്നത് ഗൗരവത്തോടുകൂടി പരിശോധനയ്ക്ക് വിഷയമാക്കണം. നമ്മുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, അഞ്ചുവർഷക്കാലംകൊണ്ട് സർക്കാർ ലൈഫ് പദ്ധതി മുഖേന നൽകിയ വീടുകളുടെ എണ്ണം 36990 ആണ്. (ലൈഫും സർക്കാർ വകുപ്പും സംയുക്തമായി ചേർന്ന് 36990 വീടുകൾ നൽകിയിട്ടുണ്ട്.) പട്ടികജാതി വിഭാഗത്തിന് (രണ്ടു വകുപ്പും കൂടി ചേർന്ന്) ഇത്രയും വീട് നൽകിയിട്ടുണ്ട്. അങ്ങ് പറഞ്ഞ കാര്യം പ്രത്യേകിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 400 കോടി രൂപയാണ് ഗവൺമെന്റ് പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിനുവേണ്ടി നീക്കിവച്ചിരുന്നത്. 2016-17, 2017-18 വരെ പട്ടികജാതി വികസന വകുപ്പാണ് ഈ ഭവനനിർമ്മാണ പ്രക്രിയ നടത്തിയത്. ഏറ്റവും നന്നായി വകുപ്പ് നടത്തുന്ന ഒരു പദ്ധതിയാണിത്. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ; ഇത് ലൈഫിലേയ്ക്ക് മാറ്റിയതോടുകൂടി എല്ലാം താളം തെറ്റിയിരിക്കുകയാണ്. 400 കോടി രൂപ 2019-20 വർഷം ലാപ്സായി. പട്ടികജാതി വികസന വകുപ്പിൽ നിന്ന് പദ്ധതി മാറ്റിയതുകൊണ്ട് അവർക്ക് അത് നടപ്പാക്കാൻ കഴിയുന്നില്ല. ലൈഫ് മിഷൻ പദ്ധതി ഏറ്റെടുത്തതുമില്ല. ഈ രീതി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. പട്ടികജാതി വികസന വകുപ്പിനെ ഏൽപ്പിക്കാതെ ലൈഫിനെ ഏൽപ്പിച്ചതുകൊണ്ട് ഒരു വർഷം 400 കോടി രൂപ, ഈ വർഷവും കഴിഞ്ഞ വർഷവും അതേ രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. 2020-21 സാമ്പത്തിക വർഷം 100 കോടി രൂപയാണ് നൽകിയിട്ടുള്ളത്; 300 കോടി രൂപ നീക്കിവച്ചിരുന്നു. ഈ രീതിയിൽ ലൈഫ് മിഷനിൽ

ലയിപ്പിച്ചതോടുകൂടി പട്ടികജാതി വികസന വകുപ്പിലൂടെ ലഭ്യമാകുന്ന ഈ സഹായം ഇന്ന് ആയിരക്കണക്കിന് കുടുംബങ്ങൾക്ക് നഷ്ടമാകുന്ന സാഹചര്യമാണ്. ഞാൻ ഇതിനുമുമ്പും ഈ കാര്യം നിയമസഭയിൽ പറഞ്ഞതാണ്; കുറ്റപ്പെടുത്താൻ വേണ്ടിയല്ല. പട്ടികജാതി വികസന വകുപ്പ് നടത്തിക്കഴിഞ്ഞ് അവിടെ നിന്ന് നിങ്ങൾ കണക്കെടുത്ത് ലൈഫ് മിഷന്റെ പട്ടികയിൽ ഉൾപ്പെടുത്തി അത് പ്രഖ്യാപിക്കുന്നതിൽ വിരോധമില്ല. ഇപ്പോൾ അങ്ങ് പറയുന്ന കണക്കുകൾ എന്നു പറയുന്നത് പഞ്ചായത്ത് കൊടുക്കുന്ന വീടുകൾ, അതുപോലെ കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി ലഭിക്കുന്ന വീടുകളൊക്കെയാണ്. യഥാർത്ഥത്തിൽ ബഡ്ജറ്റിലൂടെ പട്ടികജാതി വികസന വകുപ്പ് കൊടുക്കുന്ന പണം ലാപ്സായിപ്പോകുന്ന സാഹചര്യമാണ് ലൈഫ് മിഷന്റെ ഭാഗമായി മാറ്റിയതിന്റെ ഫലമായി ഇന്നുണ്ടായിട്ടുള്ളത്. അതുകൊണ്ട് എന്റെ ചോദ്യം, മുൻകാലത്തുള്ളതുപോലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലാക്കി ഈ സഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോയെന്നുള്ളതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പറയുന്നതിൽ factual ആയിട്ടുള്ള ഒരു പിശകുണ്ട്. യു.ഡി.എഫ് ഗവൺമെന്റിന്റെ

അഞ്ചുവർഷക്കാലത്ത് പട്ടികജാതി വികസന വകുപ്പ് നൽകിയ വീടുകളുടെ എണ്ണം 24594 ആണ്. അങ്ങ് പറയുന്നതുപോലെ വകുപ്പ് മുഖാന്തരം ഞാൻ പറയട്ടെ...... (...ബഹളം....) ഞാൻ പറയട്ടെ, അഞ്ച് വർഷക്കാലം യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയ വീടുകളുടെ എണ്ണം 24594 ആണ്. ഈ ഗവൺമെന്റ് ഇതിനകം 36990 വീടുകൾ നൽകിയിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായിട്ട് ലൈഫ് മിഷൻ പറയുന്നത് എന്താണ്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് ഒരു വീട് കൊടുക്കുമ്പോൾ ഒരു ലക്ഷം രൂപ നിങ്ങൾ തന്നാൽ മതി, ബാക്കി മൂന്ന് ലക്ഷം രൂപ ഞങ്ങൾ നൽകിക്കൊള്ളാം എന്നാണ്. ആ ഒരു ലക്ഷമാകട്ടെ ഏറ്റവും അവസാനഘട്ടത്തിൽ കൊടുക്കേണ്ടതാണ്. ആദ്യഘട്ടത്തിൽ കൊടുക്കാനും പറയുന്നില്ല. ആദ്യഘട്ടത്തിൽ കൊടുക്കാൻ പറഞ്ഞിരുന്നുവെങ്കിൽ എനിക്ക് തോന്നുന്നു കുറച്ചുകൂടി പണം അതിനകത്ത് ചെലവഴിക്കാൻ നമുക്ക് സാധിക്കുമായിരുന്നു. ഏറ്റവും അവസാനഘട്ടത്തിൽ കൊടുത്താൽ മതി. നാലാമത്തെ പ്രാവശ്യമാണ് ഇത് കൊടുക്കുന്നത്. അതാണ് കാര്യം. അല്ലാതെ നമ്മുടെ വീടുകളുടെ എണ്ണത്തിൽ കുറവുവന്നിട്ടില്ല; വീടുകളുടെ എണ്ണം വർദ്ധിക്കുകയാണുണ്ടായത്. അഞ്ച് വർഷം കൊണ്ട്

24594-ൽ നിന്നും 36990-ലേയ്ക്ക്, 37000 എന്ന് കണക്ക് കൂട്ടിയ്ക്കോ. അതായത് വീടുകളുടെ എണ്ണം 37000-ലേയ്ക്ക് പോവുകയാണുണ്ടായത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, 2018-ലെ മഹാപ്രളയത്തെ തുടർന്നുണ്ടായ ഉരുൾപ്പൊട്ടലിന്റെ ഭാഗമായി എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനി നിവാസികൾ ഭയപ്പാടുമൂലം ദൂരെമാറി പാറപ്പുറത്ത് പ്ലാസ്റ്റിക് ഷീറ്റിട്ട കുടിലിൽ രണ്ടുവർഷമായി താമസിക്കുകയാണ്. ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളും ഊരുമൂപ്പനും പഞ്ചായത്ത്, വനം, ട്രൈബൽ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാരുമെല്ലാം ചേർന്ന് അവരുടെ പുനരധിവാസത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം നൽകി ആദിവാസികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം. അതുപോലെ ഈ പഞ്ചായത്തിലെ വാച്ചുമരം, ഷോളയാർ, വാഴച്ചാൽ എന്നീ മൂന്ന് കോളനികളിൽ, പദ്ധതി വന്നപ്പോൾ അവിടേയ്ക്ക് മാറ്റിതാമസിപ്പിച്ച നിവാസികളാണ്. അവരുടെ കുടുംബങ്ങൾ പെരുകി. ഇപ്പോൾ വീടുവയ്ക്കാനും കൃഷി ചെയ്യാനും സ്ഥലമില്ലാത്ത

അവസ്ഥയുണ്ട്. ഇവരുടെ ഭൂമിപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 18-12-2017-ലെ സർക്കാർ ഉത്തരവാണോ അങ്ങ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് അറിയില്ല. അങ്ങ് പറഞ്ഞ ഈ പ്രശ്നം, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവാസം നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ച കാര്യമാണ്. അതിന്റെ നടപടികൾ പുരോഗമിച്ചുവരികയാണ്. റീബിൽഡ് കേരള പദ്ധതിയിൽ ഈ പ്രശ്നം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് അംബേദ്കർ ഗ്രാമം പദ്ധതി ഈ ഗവൺമെന്റ് നടപ്പാക്കിവരികയാണ്. ആ കോളനികളിലെല്ലാം ഒരു കോടി രൂപ വച്ചാണ് ഇപ്പോൾ അനുവദിച്ചുകൊണ്ടിരിക്കുന്നത്. ആ തുക അനുവദിക്കുമ്പോൾ, അവിടെ ബെനിഫിഷ്യറി എന്തെല്ലാമാണ് ചെയ്യേണ്ടതെന്നതിനെ സംബന്ധിച്ച് അവർതന്നെ തീരുമാനിച്ച് അതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കണമെന്നാണ് നിർദ്ദേശിക്കുന്നത്. അവിടെ കുടിവെള്ള പ്രശ്നം, വീട് മെയിന്റനൻസ്,

സ്വയംതൊഴിൽ, റോഡ് തുടങ്ങി ഒട്ടേറെ ആവശ്യങ്ങൾ വരും. പലപ്പോഴും ഈ ഒരു കോടി രൂപ തികയാതെ വരും. അങ്ങനെ വന്നാൽ ആ കോളനിക്ക് വീണ്ടും പണം കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇത്തരം കോളനികൾ തെരഞ്ഞെടുക്കുമ്പോൾ, ആ കോളനികളിൽ എന്തെല്ലാമാണ് ആവശ്യമെന്ന് മനസ്സിലാക്കി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് അതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി, അതിന് അനുരോധമായി ആവശ്യമായ തുക അനുവദിച്ചുകൊണ്ട് ഈ കോളനികളുടെ നവീകരണം പൂർത്തീകരിക്കാനാവശ്യമായ പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അംബേദ്കർ ഭവന പദ്ധതി നമ്മുടെ സംസ്ഥാനത്തെ കോളനികളുടെ വികസനത്തിന് വളരെയേറെ പ്രയോജനപ്പെട്ട ഒരു പദ്ധതിയാണ്. ഒരു കോളനിയിലെ ആവശ്യങ്ങളാകെ കൈകാര്യം ചെയ്യുന്നതിന് ആ പദ്ധതികൊണ്ട് സാധിക്കുന്നില്ല. നീക്കിവയ്ക്കുന്ന ഒരു കോടി രൂപയ്ക്കകത്ത് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രമേ നമുക്ക് ഏറ്റെടുക്കാൻ സാധിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു കോളനിക്കാവശ്യമുള്ള എല്ലാ

കാര്യങ്ങളും സംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കി പദ്ധതി നടപ്പിലാക്കുക എന്നുള്ളത് അപ്രായോഗികമാണ്. പക്ഷെ ഇത് വളരെയേറെ പ്രയോജനപ്പെട്ട, നമ്മുടെ സംസ്ഥാനത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു സംരംഭമാണ്.

ശ്രീ. പി. സി. ജോർജ്: സർ, ആദിവാസികൾ, വനവാസികൾ അവരെ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റാൻ മാറിമാറി വന്ന സർക്കാരുകൾ ചെയ്ത സേവനങ്ങൾ വളരെ വലുതാണ്. പക്ഷെ എനിക്ക് വേദനയോടുകൂടി പറയാനുള്ള ഒരു കാര്യം, ഈ അടുത്ത കാലത്ത് എരുമേലി പഞ്ചായത്തിലെ എരുത്വാപ്പുഴയിൽ, ഒരു ആദിവാസി കോളനിയാണ്, ഒരു സ്ത്രീ തീപിടിച്ച് മരിച്ചു. സമൂഹവുമായി അവർക്ക് യാതൊരു ബന്ധവുമില്ല. വനവുമായി ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. ഒരു സ്ത്രീ തീപിടിച്ച് മരിച്ചുവെന്ന് കേട്ടപ്പോൾ അവിടത്തെ ഊരുമൂപ്പൻ പറഞ്ഞതനുസരിച്ച് ഞാൻ അവിടെ പോകാനിടയായി. അവിടെ ചെന്നപ്പോൾ അവിടെയുള്ള ആളുകൾ നമ്മളുമായി അധികം സഹകരിക്കാൻ തയ്യാറല്ല. പക്ഷെ ഞാൻ ഒരു മണിക്കൂർ അവിടെനിന്ന് സംസാരിച്ചുകഴിഞ്ഞപ്പോൾ പുരുഷന്മാർ വന്നില്ലെങ്കിലും വനത്തിൽ നിന്ന് സ്ത്രീകളെല്ലാം തന്നെ താഴെയിറങ്ങി വന്നു.

ഞാൻ അന്വേഷിച്ചപ്പോൾ നാല് സ്ത്രീകൾ ഇതുപോലെ തീപിടിച്ച് മരിച്ചിട്ടുണ്ടെന്നറിഞ്ഞു. അപ്പോൾ മരണം അഞ്ചായി. രണ്ട് സ്ത്രീകൾ സാരിയിൽ തൂങ്ങിമരിച്ചു. ആകെ ഏഴായി. ഒരു സ്ത്രീ വിഷം കുടിച്ച് മരിച്ചിട്ടുണ്ട്. ഞാൻ അന്വേഷിച്ചപ്പോൾ, ഒരു സ്ത്രീ പറഞ്ഞത് ഇതുമുഴുവൻ കൊലപാതകമാണെന്നാണ്. ആരും അറിയുന്നില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തിങ്കളാഴ്ച പരാതി കൊടുത്തു, അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ഇപ്പോഴും വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരെ നമ്മുടെ സമൂഹത്തിന്റെ ഭാഗമായി മാറ്റാൻ കഴിഞ്ഞിട്ടില്ല. അവരെക്കൂടി സമൂഹത്തിന്റെ ഭാഗമാക്കി മാറ്റണ്ടേ; അതിന് എന്താണൊരു മാർഗ്ഗം? അവർ ഈ സമൂഹത്തിന്റെ ഭാഗമായിരുന്നെങ്കിൽ ഇതുപോലുള്ള കൊലപാതകം നടക്കില്ല. അതിനിപ്പുറം തന്നെ ജനമറിയും. തീർച്ചയായും ഇതൊരു പ്രത്യേക കേസായി കണക്കാക്കി വനത്തോട് ചേർന്ന് നിൽക്കുന്ന വനവാസികളായ ആളുകളെ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റാൻവേണ്ടി പ്രത്യേകമായ പദ്ധതികൾ എന്തെങ്കിലും ആരംഭിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നംതന്നെയാണ്. ഒറ്റപ്പെട്ട് ഉൾവനങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെ പ്രശ്നങ്ങൾ നമ്മൾ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. ഈ അടുത്തകാലത്തു തന്നെ ഇടമലയാർ വനത്തിൽ ഉൾപ്പെട്ട വാരിയം കോളനിയിൽ താമസിക്കുന്ന മുതുവാൻ, മണ്ണാൻ വിഭാഗത്തിൽപ്പെട്ട എട്ട് ആദിവാസി സെറ്റിൽമെന്റിലെ 67 കുടുംബങ്ങളുടെ ഒരു പ്രശ്നം ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഉൾവനത്തിൽ ഒറ്റപ്പെട്ട അവസ്ഥയിൽ ജീവിത സൗകര്യങ്ങളുടെ അപര്യാപ്തത, വന്യമൃഗങ്ങളുടെ ശല്യം ഇതെല്ലാം കണക്കിലെടുത്ത് അവരുടെ കൈവശമുള്ള ഭൂമി വനം വകുപ്പിന് സറണ്ടർ ചെയ്ത് പകരം പന്തപ്ര എന്ന സ്ഥലത്ത് രണ്ട് ഏക്കർ വീതവും മറ്റ് പൊതുവികസനങ്ങൾക്കായി 26.8 ഏക്കറും അനുവദിച്ച് ഗവൺമെന്റ് ഉത്തരവ് കൊടുത്തു. പന്തപ്രയിൽ പുനരധിവസിപ്പിക്കേണ്ട 67 കുടുംബങ്ങൾക്കും ടി.ആർ.ഡി.എം. മുഖേന ഭവനനിർമ്മാണ ധനസഹായവും അനുവദിച്ചു. ആ രൂപത്തിലുള്ള പദ്ധതികൾ ഇത്തരത്തിൽ ഒറ്റപ്പെട്ട് ഉൾവനങ്ങളിൽ താമസിക്കുന്ന ഈ വിഭാഗങ്ങളുടെ കാര്യത്തിൽ നമുക്ക് സ്വീകരിക്കേണ്ടതായിട്ടുണ്ട്. പ്രായോഗികമായിട്ടുള്ള അത്തരം നീക്കങ്ങളുമായി

വകുപ്പ് മുന്നോട്ടുപോകുയാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് ഭൂമിയും വീടും കൊടുക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിക്കുന്ന നടപടികളെ അഭിനന്ദിക്കുകയാണ്. അങ്ങുതന്നെ ചൂണ്ടിക്കാണിച്ചു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 24500-ഓളം വീടുകളാണ് കൊടുത്തിരുന്നതെങ്കിൽ ഈ സർക്കാരിന്റെ 5 വർഷക്കാലത്തേയ്ക്ക് എത്തുമ്പോൾ ലൈഫിന്റെ ഭാഗമായി 36990 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നുള്ളത് ശ്രദ്ധേയമായ നേട്ടമായി കാണുകയാണ്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ലൈഫിന്റെ ഭാഗമായി എത്ര വീടുകൾ നമുക്ക് പൂർത്തീകരിക്കാനാകും. അതുപോലെ തന്നെ ലൈഫിന്റെ മാനദണ്ഡങ്ങൾക്കപ്പുറത്ത്, അതിൽപ്പെടാതെ പോയ ഹൗസ് മെയിന്റനൻസ് ആവശ്യമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുകൾക്കാണ് ഗവൺമെന്റ് ഒന്നരലക്ഷം രൂപ വീതം ധനസഹായം കൊടുക്കാൻ തീരുമാനിച്ചത്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ എത്രമാത്രം പൂർത്തീകരിച്ചു. ഈ സാമ്പത്തിക വർഷംതന്നെ പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിയുമോ എന്നുള്ളതുകൂടി വ്യക്തമാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഭവനരഹിതരായിട്ടുള്ള മുഴുവൻ ആളുകൾക്കും ഭവനം നൽകുക എന്നതുതന്നെയാണ് ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നത്. വിശേഷിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം മുഴുവൻ ആളുകൾക്കും വളരെ വേഗതയിൽ ഭവനം നിർമ്മിച്ചുകൊടുക്കുക എന്നുള്ളത് ലക്ഷ്യം വച്ചുകൊണ്ടാണ് ഗവൺമെന്റ് നീങ്ങുന്നത്. അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് വീട് മെയിന്റനൻസിനുവേണ്ടിയുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഏതാണ്ട് 5000 പേർക്ക് അത് അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. വളരെ വേഗതയിൽതന്നെ മുഴുവൻ ആളുകൾക്കും ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായുള്ള ഭവനപദ്ധതി പുനഃസ്ഥാപിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞതിനെ അടിവരയിടുകയാണ്. എനിക്ക് തന്നെ അനുഭവമുള്ളതാണ്, എന്റെ നിയോജകമണ്ഡലത്തിൽ 4 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്

ലഭ്യമാക്കണമെന്ന ആവശ്യം കഴിഞ്ഞ 4 വർഷമായി മുന്നോട്ടുവയ്ക്കുകയാണ്. പക്ഷെ ലഭിക്കുന്നില്ല, അത് ലൈഫിൽ സംയോജിപ്പിച്ചു, അതിനുശേഷം ധാരാളം സാങ്കേതികമായ പ്രശ്നങ്ങളാണ് ഉണ്ടായിരിക്കുന്നത്. ഞാൻ തദ്ദേശ വകുപ്പുമന്ത്രിക്കും പട്ടികജാതി വകുപ്പുമന്ത്രിക്കും മൂന്നോ നാലോ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അവർക്ക് മാത്രമായിട്ടായിരുന്നെങ്കിൽ ഇതിനുമുമ്പേ വീട് ലഭിക്കുമായിരുന്നുവെന്ന് തന്നെവേണം അനുമാനിക്കാൻ. പട്ടികജാതി വിഭാഗ കോളനികളുടെ നവീകരണം, വിവിധ നിയോജകമണ്ഡലങ്ങളിൽ കോളനികൾ നൽകിയിട്ടുണ്ട്. പക്ഷെ ഇതിന്റെയൊന്നും നിർമ്മാണ പ്രവർത്തനങ്ങൾ പലതും ആരംഭിച്ചിട്ടില്ല, ആരംഭിച്ചത് പാതിവഴിയിൽ മുടന്തിനിൽക്കുകയാണ്. 'നിർമ്മിതി' ആണ് പലതിന്റെയും വർക്ക് ഏറ്റെടുത്തിരിക്കുന്നത്. ഇവർക്ക് ഒരുപാട് കുടിശ്ശികയുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. സ്വാഭാവികമായും ഈ മുമ്പോട്ടുവയ്ക്കുന്ന പദ്ധതികൾ ഒന്നുംതന്നെ താഴെത്തട്ടിൽ ഇംപ്ലിമെന്റാകുന്നില്ല എന്ന ഗൗരവമായ വിഷയം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഈ കോളനികളിലെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ എന്നുള്ളതാണ്

എന്റെ ചോദ്യം?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇവിടെയെല്ലാം നമ്മുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. എം.എൽ.എ.-മാരുടെ നേതൃത്വത്തിലെല്ലാംതന്നെ ഇംപ്ലിമെന്റിംഗ് ഏജൻസിയുടെ യോഗം വിളിക്കുകയും അവയുടെ പ്രവർത്തനങ്ങളെയും പുരോഗതിയെയും സംബന്ധിച്ച് പരിശോധിക്കുകയുമെല്ലാം ചെയ്യുന്നത് പദ്ധതി പൂർത്തീകരണത്തിന്റെ വേഗത വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എല്ലാ എം.എൽ.എ.-മാരും അങ്ങനെയാണ് ചെയ്യുന്നത്. പോരായ്മകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാം. ലൈഫിന്റെ ഭാഗമായിതന്നെ നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി എന്നോ പട്ടികവർഗ്ഗം എന്നോ അല്ലെങ്കിൽ മുന്നോക്കമെന്നോ പിന്നോക്കമെന്നോ ഉള്ള വ്യത്യാസം കൂടാതെ മുഴുവൻ ആളുകൾക്കും വീടുകൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയിലേയ്ക്കാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അത് വളരെ വേഗതയിൽ പൂർത്തീകരിക്കുക എന്നുള്ളതാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്.

## തൊഴിൽ നിയമങ്ങൾ

(*212) ശ്രീ. സി. ദിവാകരൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. എൽദോ എബ്രഹാം: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) തൊഴിലാളികൾ കാലങ്ങളായി സമരം ചെയ്ത് നേടിയ അവകാശങ്ങൾ ഹനിക്കുന്ന തരത്തിൽ കേന്ദ്രസർക്കാർ നാൽപ്പത്തിനാല് തൊഴിൽ നിയമങ്ങളെ നാല് ലേബർ കോഡുകളാക്കി മാറ്റിയത് സംസ്ഥാനത്ത് തൊഴിൽരംഗത്തും തൊഴിലാളി ക്ഷേമത്തിലും എന്തൊക്കെ പ്രതിഫലനങ്ങളാണ് ഉണ്ടാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്രനയത്തിന് കടകവിരുദ്ധമായി തൊഴിൽ നിയമങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായ എന്തെല്ലാം ഭേദഗതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്നറിയിക്കുമോ;

(സി) കടകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തിയത് വനിതാക്ഷേമത്തിൽ ഈ സർക്കാർ പുലർത്തുന്ന

നിഷ്കർഷയുടെ മാതൃകയാണോ എന്നറിയിക്കുമോ;

(ഡി) മിനിമം വേതനത്തിന്റെ കാര്യത്തിൽ രാജ്യത്തുതന്നെ മുന്നിൽ നില്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായ കേരളത്തിൽ മിനിമം വേതനം വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടോ; മറ്റെന്തൊക്കെ ഭേദഗതികളാണ് മിനിമം വേതന നിയമത്തിൽ വരുത്തിയതെന്നറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ചും 12 നിയമങ്ങളെ റദ്ദാക്കിയും 4 നിയമങ്ങളായി ക്രോഡീകരിച്ചിരിക്കുകയാണ്. വിവിധ കോഡുകളും അതിൽ ഉൾപ്പെടുന്ന നിലവിലെ തൊഴിൽ നിയമങ്ങളും ചുവടെ ചേർക്കുന്നു.

**1. ദി കോഡ് ഓൺ വേജസ് 2019**

1. പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1936
2. മിനിമം വേജസ് ആക്ട്, 1948
3. പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, 1965
4. ഈക്വൽ റെമ്യൂണറേഷൻ ആക്ട്, 1976

## 2. ദി ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, 2020

1. ദി ട്രേഡ് യൂണിയൻ ആക്ട്, 1926
2. ദി ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ) ആക്ട്, 1946.
3. ദി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്, 1947

## 3. ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി, 2020

1. എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്, 1923
2. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്ട്, 1948
3. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് & മിസലേനിയസ് പ്രൊവിഷൻ ആക്ട്, 1952
4. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട്, 1959
5. മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്, 1961
6. പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്, 1972
7. സിനി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട്, 1981
8. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1996
9. അൺഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട്, 2008

**4. ദി ഒക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് കോഡ്, 2020**

1. ഫാക്ടറീസ് ആക്ട്, 1948
2. മൈൻ ആക്ട്, 1952
3. ദി ഡിഗ് വർക്കേഴ്സ് (സേഫ്റ്റി, ഹെൽത്ത് & വെൽഫെയർ) ആക്ട്, 1986
4. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്)ആക്ട്, 1996
5. പ്ലാന്റേഷൻസ് ലേബർ ആക്ട്, 1951
6. കോൺട്രാക്ട് ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ട്, 1970
7. ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1979
8. വർക്കിംഗ് ജേർണലിസ്റ്റ് &അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസലേനിയസ് പ്രൊവിഷൻ) ആക്ട്, 1955
9. ദി വർക്കിംഗ് ജേർണലിസ്റ്റ് (ഫിക്സേഷൻ ഓഫ് റേറ്റ് ഓഫ് വേജസ്) ആക്ട്, 1958
10. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961
11. സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ആക്ട്, 1976
12. ദി ബീഡി & സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെന്റ് ആക്ട്) 1966
13. ദി സിനി വർക്കേഴ്സ് & സിനിമാ തീയേറ്റർ വർക്കേഴ്സ് ആക്ട്, 1981

മേൽ സൂചിപ്പിച്ച കോഡുകൾക്ക് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ

ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ പ്രസ്തുത ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ കോഡുകളെല്ലാം പൊതുവെ തൊഴിലാളികൾക്ക് ഇന്ന് നിയമപരമായി ലഭ്യമാകുന്ന പല അവകാശങ്ങളും നിഷേധിക്കുന്നതാണ്. ഇതുസംബന്ധിച്ച ഓരോന്നിന്റെയും അഭിപ്രായങ്ങൾ സംസ്ഥാന ഗവൺമെന്റ് യഥാസമയംതന്നെ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റുമായി നടത്തിയ ചർച്ചകളിലും ഈ പ്രശ്നങ്ങളെല്ലാം ഉന്നയിച്ചിട്ടുണ്ട്.

(ബി) നിലവിൽ 4 കോഡുകളും കേന്ദ്ര സർക്കാർ പാസാക്കിയെങ്കിലും നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേക നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാർ പാസാക്കിയ കോഡുകൾ പൂർണ്ണമായും പ്രാബല്യത്തിൽ വരാത്തതിനാൽ സംസ്ഥാന സർക്കാർ ഭേദഗതികൾ ഒന്നും കൊണ്ടുവന്നിട്ടില്ല. ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ യഥാസമയം

വിവിധ ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട് കേരള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു ലാ റീഫോംസ് കമ്മിറ്റി തൊഴിൽ വകുപ്പ് പ്രത്യേകമായി ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനാവശ്യമായ എല്ലാ ഇടപെടലുകളും നടത്തിവരികയാണ്. കേരള കോഡ് ഓൺ വേജസ് റൂൾസ് 2020 കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണ്. മറ്റ് കോഡുകളുടെ കാര്യങ്ങൾ വരുന്ന മുറയ്ക്ക് ഈ ഉത്തരവാദിത്വം ഗവൺമെന്റ് നിറവേറ്റുന്നതാണ്. തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി സംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ തീർച്ചയായും സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് പരിശോധിക്കുന്നതാണ്.

(സി) അതെ.

(ഡി) മിനിമം വേതനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക നിയമ ഭേദഗതി ചെയ്തിട്ടില്ല. എന്നാൽ മിനിമം വേതന നിയമം 1948-ലെ വ്യവസ്ഥകൾ പ്രകാരം മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട

തൊഴിൽ മേഖലകളിൽ യഥാകാലങ്ങളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാനുള്ള നടപടി സ്വീകരിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 6 തൊഴിൽ മേഖലകളിൽ പുതുതായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ 48 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ രാജ്യത്ത് അതീവ ഗുരുതരമായൊരു സ്ഥിതിവിശേഷമാണ് തൊഴിൽ മേഖലയിൽ സൃഷ്ടിച്ചിരിക്കുന്നത്. തൊഴിലാളികൾ രാജ്യത്തിന്റെ ജനാധിപത്യത്തിനുവേണ്ടി ശബ്ദിക്കുന്നവരാണ്. സ്വാതന്ത്ര്യസമരകാലത്ത് തന്നെ വളരെ പ്രക്ഷുബ്ദമായിരുന്നു നമ്മുടെ രാജ്യത്തെ തൊഴിലാളി പ്രസ്ഥാനം. ലാലാ ലജ്പത് റായിയും ലോകമാന്യ തിലകനുമെല്ലാം തൊഴിലാളിവർഗ്ഗത്തിന്റെ നേതാക്കന്മാരായിരുന്നു. ആ തൊഴിലാളി വർഗ്ഗത്തിന്റെ കൈകാലുകൾ വരിഞ്ഞുകെട്ടി, തൊഴിൽ നിയമങ്ങളെല്ലാം

റദ്ദാക്കി ലേബർ കോഡിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ, സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്രസർക്കാരിനെ യഥാസമയം വിവിധഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. അതോടൊപ്പംതന്നെ കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട കേരള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്നുമാണ് പറഞ്ഞിരിക്കുന്നത്. കേന്ദ്ര നിയമങ്ങൾ നടപ്പിലാക്കുന്നതിന് തൊഴിലാളികൾ എതിരാണ്. അതിനെതിരായാണ് രാജ്യത്ത് 48 മണിക്കൂർ ദേശീയ പണിമുടക്ക് നടത്തിയത്. ഈ നിയമങ്ങൾ അറബിക്കടലിൽ വലിച്ചെറിയണമെന്നാണ് പറഞ്ഞത്. ആ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടമുണ്ടാക്കുമെന്ന് പറഞ്ഞാൽ, അതെന്താണെന്ന് മനസ്സിലാകുന്നില്ല;

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഗവൺമെന്റിന്റെ ഭരണ നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിന് വ്യക്തതയുണ്ടെന്നാണ് എന്റെ അഭിപ്രായം. ഇന്ത്യയിലെ ട്രേഡ് യൂണിയൻ സംഘടനകൾ ഈ പരിഷ്കരണത്തിന് എതിരാണ്. ഇന്ത്യയിലെ ട്രേഡ് യൂണിയൻ സംഘടനകളുടെ അഭിപ്രായം തന്നെയാണ് കേരളത്തിലെ ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവൺമെന്റിനുമുള്ളത്. എന്നാൽ നമ്മുടെ നാട്ടിലുള്ള ഭരണവ്യവസ്ഥ പ്രകാരം കേന്ദ്രഗവൺമെന്റ് ആവിഷ്കരിക്കുന്ന നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ ബാധ്യതയുണ്ട്. കേരള ഗവൺമെന്റ് ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. രാജ്യത്തിനകത്തുള്ള തൊഴിലാളികളുടെ വികാരം മാനിച്ച് കേന്ദ്ര നിയമത്തിനകത്ത് നിന്നുകൊണ്ടുതന്നെ തൊഴിലാളികൾക്കുവേണ്ടി എന്തെല്ലാം സംരക്ഷണങ്ങൾ ചെയ്യാൻ കഴിയും, അത് ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികളാണ് കേരള ഗവൺമെന്റ് സ്വീകരിക്കുന്നത്. കേന്ദ്ര നിയമം പ്രാവർത്തികമായി കഴിഞ്ഞിട്ടില്ല. അതുവരെ ഇവിടെ വെറുതെയിരിക്കുന്നില്ല. നിലവിലുള്ള നിയമത്തിന്റെ പരിരക്ഷ തൊഴിലാളികൾക്ക് ലഭിക്കത്തക്ക നിലയിലുള്ള എല്ലാ നടപടികളും പ്രത്യേകിച്ച്, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമായി തുടരുകതന്നെയാണ് ചെയ്യുന്നത്. സംസ്ഥാന ഗവൺമെന്റ് തൊഴിലാളികളുടെ രക്ഷാകവചമായി കേരളത്തിൽ പ്രവർത്തിക്കുകതന്നെ ചെയ്യുമെന്ന് ഈ സന്ദർഭത്തിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വളരെ പ്രതീക്ഷ നൽകുന്നതാണ്. ഇന്ത്യയിലെ മുഴുവൻ തൊഴിലാളിവർഗ്ഗവും

കേരളത്തെ നോക്കിനിൽക്കുകയാണ്. കേന്ദ്ര നിയമത്തിന് ബദൽ നിയമമുണ്ടാക്കാൻ കേരള ഗവൺമെന്റ് തയ്യാറാകാത്തത് എന്തുകൊണ്ടാണ്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, നിയമത്തിന്റെ എല്ലാവശങ്ങളും പരിശോധിച്ചുകൊണ്ടുള്ള നിലപാട് തന്നെയാണ് എടുക്കുന്നത്. അതുസംബന്ധിച്ച് കീഴ്വഴക്കങ്ങളുണ്ട്. ഇപ്പോൾ നിയമവ്യവസ്ഥ എങ്ങനെ പ്രാവർത്തികമാക്കണമെന്നുള്ളതിനെ സംബന്ധിച്ചുള്ള നിലപാടുണ്ട്. അതിനനുസരിച്ചാണ് മുന്നോട്ട് പോകുന്നത്. ഒരിക്കലും ഭരണ വ്യവസ്ഥയിൽ നിന്നും മാറി നിന്നുകൊണ്ട് സർക്കാരിന് മുന്നോട്ട് പോകാൻ കഴിയില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച അഭിപ്രായങ്ങൾ പരിശോധിക്കാവുന്നതാണ്. കേരളത്തിൽ അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു ലാ റീഫോംസ് കമ്മിറ്റി ഈ പശ്ചാത്തലത്തിൽ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ലാ റീഫോംസ് കമ്മിറ്റി എല്ലാ നിയമങ്ങളുടെയും വിശദാംശങ്ങൾ വിശദമായി പരിശോധിച്ചുവരികയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, രാജ്യത്ത് 50 കോടിയിലേറെ തൊഴിലാളികളെ നേരിട്ട് ആശങ്കപ്പെടുത്തുന്ന

നിയമം സംസ്ഥാനത്തിന്റെ അധികാരങ്ങൾക്ക് മുകളിലുള്ള കടന്ന് കയറ്റമാണെന്ന് നമുക്കറിയാം. അതിനെ പ്രതിരോധിക്കാനുള്ള എല്ലാ കരുതലുകളും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമെന്ന് വ്യക്തമാക്കി കഴിഞ്ഞു. അതുപോലെതന്നെ കാലത്തിനനുസരിച്ച് തൊഴിലിലും മാറ്റം വരണം. സാമൂഹിക പശ്ചാത്തലം പരിശോധിക്കുമ്പോൾ, കേന്ദ്ര ഗവൺമെന്റിന്റെ നോട്ട് നിരോധനവും സാമ്പത്തിക പ്രതിസന്ധിയും കേരളത്തിലുണ്ടായ പ്രകൃതി ദുരന്തങ്ങളും നാണ്യവിളകളുടെ വിലയിടിവുമൊക്കെ വന്നപ്പോൾ നിർമ്മാണ മേഖല വളരെ സ്തംഭനത്തിലാണ്. ഹരിത ട്രൈബ്യൂണൽ, പാരിസ്ഥിതിക പ്രശ്നങ്ങളിലെ നിയന്ത്രണങ്ങൾകൂടി വന്നപ്പോൾ ഈ തൊഴിൽമേഖല വല്ലാത്ത പ്രതിസന്ധിയിലാണ്. കല്ല്, മരം, മണൽ, കളിമണ്ണ് തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറയുകയും വില കൂടുകയും ചെയ്തു. കമ്പി, സിമന്റ്, വയറിംഗ് പ്ലംബിംഗ് മെറ്റീരിയൽസ് എന്നിവയുടെ വില കുതിച്ചുകയറി. പ്രതിസന്ധികൾ പലവിധമായപ്പോൾ അവരുടെ വീടുകളെല്ലാം ദുരിതമാണ്. സമൂഹത്തിന്റെ അടിത്തട്ടിലുള്ള നിർമ്മാണത്തൊഴിലാളികളുടെ കണ്ണുകളിൽ തെളിയുന്ന ദൈന്യത വളരെ ആശങ്കയുളവാക്കുന്നതാണ്. നിർമ്മാണരംഗത്ത്

പുരോഗതിക്കുവേണ്ടി പുതിയതും ഈടുള്ളതും മികച്ചതും മിതമായ വിലയ്ക്ക് ലഭിക്കുന്നതുമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്താനുള്ള ഗവേഷണ പരിപാടികൾക്ക് ഗവൺമെന്റ് മുൻകയ്യെടുക്കേണ്ടതല്ലേ; ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് മുൻകയ്യെടുക്കുമോ; അതുപോലെ മണൽ, സിമന്റ്, കമ്പി, കല്ല്, മെറ്റൽ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ വ്യാപകമാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ; തൊഴിലാളികളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് തൊഴിൽ വകുപ്പ് മുൻകയ്യെടുക്കുന്നുണ്ട്. ചാത്തന്നൂരിൽ ആരംഭിക്കാൻ തീരുമാനിച്ച കൺസ്ട്രക്ഷൻ അക്കാദമി ആ തരത്തിൽ വലിയ കാൽവയ്പ്പാണ്. അതിന്റെ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ മേഖലയിലെ പഠന കേന്ദ്രം പ്രാവർത്തികമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുസംബന്ധിച്ച് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ആവശ്യമായ പരിശോധന നടത്തിവരികയാണ്. സ്ഥലം അവരുടെ കയ്യിലുണ്ട്. ബോർഡ് സ്വീകരിക്കുന്ന മുൻകൈയുടെ

അടിസ്ഥാനത്തിൽ കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനാവശ്യമായ പോസിറ്റീവ് നിലപാടാണ് കേരള ഗവൺമെന്റ് സ്വീകരിക്കുന്നത്. തീർച്ചയായും ക്ഷേമനിധി ബോർഡുമായി സഹകരിച്ച് അതിനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് തൊഴിൽ മേഖലയിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. ആ പ്രശ്നങ്ങളെല്ലാം ഗൗരവത്തിൽ കണ്ട് സംസ്ഥാന സർക്കാരിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. കോവിഡ് 19-ന്റെ കാലഘട്ടത്തിൽ ക്ഷേമനിധി ബോർഡുകൾവഴി തൊഴിലാളികളെ സഹായിക്കുന്നതിനുള്ള പരമാവധി ശ്രമം നടന്നിട്ടുണ്ട്. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡും ഇക്കാര്യത്തിൽ നല്ല നിലയിൽ ഇടപെടുകയും കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. സാധ്യമായ നടപടികളുണ്ട്. നിർമ്മാണമേഖലയിൽ അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നാനാതരത്തിലുള്ള നടപടികൾ കേരളത്തിലെ വിവിധ വകുപ്പുകൾ ഉപയോഗിച്ച് സ്വീകരിക്കാനുള്ള നടപടികളും സ്വീകരിക്കുകയാണ്. ഇതെല്ലാം നേരിടുന്ന സമയത്തും വളരെ ഗൗരവമായ അന്തരീക്ഷം രാജ്യത്തിനകത്ത് നിൽക്കുന്നുണ്ടെന്നുള്ളത്

കാണണം. നമ്മുടെ സ്ഥാപനങ്ങളെല്ലാം കോർപ്പറേറ്റുകൾക്ക് കൈമാറ്റം ചെയ്യപ്പെടുന്ന അപകടകരമായ സ്ഥിതിവിശേഷം നമ്മുടെ രാജ്യത്ത് തുടരുകയാണ്. റെയിൽവേ, പെട്രോളിയം, പ്രതിരോധം, തുറമുഖം, കൽക്കരി, ഇൻഷ്വറൻസ്, വ്യോമയാനം, ബഹിരാകാശം, അറ്റോമിക് എനർജി ഇങ്ങനെയുള്ള ചില്ലറ വ്യാപാര മേഖലകളുൾപ്പെടെ കോർപ്പറേറ്റുകൾക്ക് കൈമാറ്റം ചെയ്യപ്പെടുന്ന അവസ്ഥ ഇന്ന് രാജ്യത്ത് നിലനിൽക്കുന്നു എന്നുള്ളതിന്റെ ഗൗരവം മനസ്സിലാക്കണം. ഈ സാഹചര്യങ്ങളിൽ നിന്നെല്ലാം രാജ്യത്തെ രക്ഷിക്കുക എന്ന ശ്രമത്തിന്റെ ഭാഗമായാണ്, ഇന്ത്യയിലെ ബി.എം.എസ്. ഒഴികെയുള്ള എല്ലാ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും ഇന്ന് യോജിപ്പിന്റെ പ്ലാറ്റ്ഫോമിലാണുള്ളത്. അത് ഈ ലക്ഷ്യം നേടുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമാണ്. ഈ യോജിച്ച പ്ലാറ്റ്ഫോം സ്വീകരിക്കുന്ന സമീപനത്തോടൊപ്പമാണ് കേരളത്തിലെ ഗവൺമെന്റ് എന്നുള്ളത് ഞാൻ ആവർത്തിച്ച് വ്യക്തമാക്കുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, സംസ്ഥാന തൊഴിൽ വകുപ്പിന്റെ നിലപാടുകളെ സന്നിദ്ധമായി, തൊഴിലാളി സംരക്ഷണമാണ് തൊഴിൽ സംരക്ഷണമാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഏറെ

പ്രത്യാഘാതമുണ്ടാക്കുന്ന പുതിയ കേന്ദ്ര തൊഴിൽ നിയമങ്ങൾ സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്നു, അസംഘടിതവത്കരണവും കരാർവത്കരണവും പ്രോത്സാഹിപ്പിക്കുകയാണ്. ഹ്രസ്വകാല തൊഴിൽ വ്യാപിപ്പിക്കുന്നു. ഒരുവിധത്തിലുമുള്ള സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങളുമില്ലാത്ത, താൽക്കാലിക തൊഴിൽ സംവിധാനങ്ങൾ വ്യാപിക്കുമ്പോൾ സ്ഥിരം തൊഴിൽ സംരക്ഷണത്തിനായി ഈ സാഹചര്യത്തിൽ, വരുംകാല സാഹചര്യങ്ങളെ കണ്ട് മറികടക്കുവാൻ നമുക്ക് എന്ത് ചെയ്യാനാകും; പരിമിതികളുണ്ടെങ്കിലും എന്ത് നടപടിയാണ് തൊഴിൽ വകുപ്പ് ആലോചിക്കുന്നത്; ഇതിനായി തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തി നിർദ്ദേശങ്ങൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പല ഘട്ടങ്ങളിലായി ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. കേരളത്തിൽ തൊഴിൽ മേഖലയിൽ നടപ്പിലാക്കിവരുന്ന എല്ലാ പ്രശ്നങ്ങളും ട്രേഡ് യൂണിയൻ സംഘടനകളിൽക്കൂടി ചർച്ച നടത്തി അഭിപ്രായസമന്വയമുണ്ടാക്കി നടപ്പിലാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും അവരുടെ

അഭിപ്രായങ്ങൾ അറിയിക്കുന്നുണ്ട്. അതിനനുസരിച്ച് അവരെയുംകൂടി വിശ്വാസത്തിലെടുത്ത് ഈ ഗുരുതരമായ സ്ഥിതിവിശേഷത്തെ നേരിടാനാണ് ശ്രമിക്കുന്നത്. ഈ ശ്രമത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം, കേരളത്തിലെ തൊഴിൽ അന്തരീക്ഷം സംരക്ഷിക്കുകയെന്നുള്ളത് തന്നെയാണ്.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, നമ്മുടെ രാജ്യത്തെ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും ദുർബലപ്പെടുത്തുന്ന നിയമങ്ങളാണ് ബി.ജെ.പി.-യും കോൺഗ്രസും പതിറ്റാണ്ടുകളായി നമ്മുടെ രാജ്യം ഭരിക്കുമ്പോൾ ഓരോ സന്ദർഭത്തിലും കൊണ്ടുവന്നിട്ടുള്ളത്. തൊഴിലാളികൾക്ക് വിലപേശുവാനുള്ള അവകാശത്തെ വാസ്തവത്തിൽ ഇല്ലാതാക്കുകയാണ്. ഇപ്പോൾ ഡൽഹി കേന്ദ്രീകരിച്ചുകൊണ്ട് കർഷകർ നടത്തുന്ന സമരവും അതിന്റെയെല്ലാം ഭാഗമാണ്. കർഷകരുടെ നിലനിൽപ്പും തൊഴിലാളികളുടെ നിലനിൽപ്പുമൊക്കെ ചോദ്യം ചെയ്യപ്പെടുന്ന ഈയൊരു സന്ദർഭത്തിൽ, ഇന്നത്തെ തൊഴിൽ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് ലാ റീഫോംസ് കമ്മിറ്റി പരിശോധിക്കുന്നുവെന്ന മന്ത്രിയുടെ മറുപടിയെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എന്റെ ചോദ്യം, തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും ലഭ്യമാകുന്നതിനുവേണ്ടി പലപ്പോഴും തൊഴിലാളികൾ

ആർ.ജെ.എൽ.സി.-കൾക്ക് മുമ്പിൽ ഉൾപ്പെടെ കേസ് പറയുന്നതിന് പോകേണ്ട സാഹചര്യം പലയിടങ്ങളിലും നിലനിൽക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ, കമ്പനികൾക്കെതിരെ നിലപാടുകൾ എടുക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഗവൺമെന്റ് എത്രമാത്രം ശ്രമിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച എല്ലാ നിലപാടുകളോടും ഗവൺമെന്റിന് യോജിപ്പാണുള്ളത്. നിയമങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. പീരുമേട് അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി ലഭ്യമാക്കാം. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി യുദ്ധകാലാടിസ്ഥാനത്തിൽ ഇത് കണക്കുകൂട്ടി വ്യവസ്ഥപ്പെടുത്തുന്നതിനുള്ള, സാധാരണ തൊഴിൽ വകുപ്പ് സ്വീകരിക്കേണ്ടുന്ന ഒരു സമീപനമല്ലാതെ, പക്ഷെ ഗവൺമെന്റ് അത്രയധികം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള താല്പര്യം പ്രകടിപ്പിക്കുകയും പ്രായോഗികമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിന്

സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കൂട്ടായ വിലപേശലിനുള്ള അവകാശം നഷ്ടപ്പെടുത്തുന്നത് തന്നെയാണ് പുതുതായി നടപ്പിലാക്കുന്ന ഈ കോഡ്. 2019-ലാണ് Code on Wages പാർലമെന്റ് പാസ്സാക്കിയത്. അത് യഥാർത്ഥത്തിൽ ദേശീയ രാഷ്ട്രീയത്തിൽ എല്ലാവരുടെയും കണ്ണുതുറപ്പിക്കേണ്ട ഒരു സംഭവമാണ്. ഒരു ഭാഗത്ത് ട്രേഡ് യൂണിയൻ സംഘടനകളുടെ പ്ലാറ്റ്ഫോം യോജിച്ച നിലപാട് സ്വീകരിക്കുമ്പോൾ.... 2019-ൽ ഈ Code on Wages നിയമം പാർലമെന്റിൽ പാസ്സാക്കിയപ്പോൾ ആരാണ് അതിനെ എതിർക്കാനുണ്ടായത്? ഇൻഡ്യയിലെ ഇടതുപക്ഷ പാർട്ടികൾ മാത്രമാണ് പാർലമെന്റിൽ ഈ Code on Wages -നെ എതിർത്തത്. മറ്റാരും അവിടെ എതിർക്കാനുണ്ടായില്ല. ജോയിന്റ് പ്ലാറ്റ്ഫോമിലുള്ളവർപോലും അവരുടെ നിലപാട് അവിടെ പ്രതിഫലിപ്പിക്കാൻ തയ്യാറായില്ല. ഈ യാഥാർത്ഥ്യങ്ങളെല്ലാം നമ്മുടെ രാജ്യത്ത് നിലനിൽക്കുകയാണ്. അതുകൊണ്ട് വളരെ സങ്കീർണ്ണമായ ഈ സാഹചര്യത്തെ അതിജീവിക്കുന്നതിന് തൊഴിലാളി വർഗ്ഗത്തിന്റെ യോജിപ്പ് തന്നെയാണ് പ്രധാനം. ആ യോജിപ്പിന് സഹായകരമായ നിലപാട് എക്കാലത്തും,

ഇൻഡ്യൻ ദേശീയതയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന ഏത് യോജിച്ച പ്രസ്ഥാനത്തിനും സഹായകരമായ നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുക എന്നുള്ളത് ഞാൻ ഒന്നുകൂടി വ്യക്തമാക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അസംഘടിത തൊഴിലാളികളുടെ സാമൂഹ്യസുരക്ഷാ ബോർഡ് ബഹുമാനപ്പെട്ട മന്ത്രിതന്നെ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. അതിൽ ഏതാണ്ട് എഴുപതിലധികം വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുണ്ട്. അവരുടെ അംശദായം മറ്റ് എല്ലാ ക്ഷേമനിധികളെക്കാളും കൂടുതലാണ്. ഉദാഹരണമായി, അലക്ക് തൊഴിലാളികൾക്ക് നേരത്തെ അംശദായം 10 രൂപയായിരുന്നത് 100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അംശദായത്തിന്റെ വർദ്ധനവിനനുസരിച്ച് തൊഴിലാളികൾക്ക് കൂടിയ തോതിൽ ആനുകൂല്യങ്ങൾ നൽകുന്നില്ലെന്നുള്ള പരാതി വ്യാപകമായുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ അംശദായത്തിന്റെ വർദ്ധനവിനനുസരിച്ചുതന്നെ കൂടുതൽ ആനുകൂല്യങ്ങൾ സാമൂഹ്യസുരക്ഷാ ബോർഡിൽ ഉൾപ്പെടുന്ന എഴുപതിലധികം വിഭാഗത്തിൽവരുന്ന തൊഴിലാളികൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ഒരു കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതാണ്. ഇതുവരെയും ആ ബോർഡ് കേരളത്തിൽ ഫംങ്ഷൻ ചെയ്തിരുന്നില്ല. ബോർഡ് രൂപീകരിച്ചെങ്കിലും അത് പ്രവർത്തിച്ചിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ബോർഡ് പ്രവർത്തിപ്പിക്കാൻ തുടങ്ങിയത്. അങ്ങനെ പ്രവർത്തിപ്പിക്കാൻ തുടങ്ങിയ സമയത്ത് അവർക്ക് നേരത്തെ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, അതിലെ നിയമവ്യവസ്ഥയ്ക്ക് അനുസൃതമായിട്ടാണ് അതിനകത്തുള്ള അംശദായത്തിന്റെ പ്രശ്നവും ഉയർന്നുവരുന്നത്. അതെല്ലാം പരിശോധിച്ച് തീരുമാനിക്കുമ്പോൾ അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. തുടർന്നും അതിന്റെ സാമ്പത്തികസ്ഥിതിവച്ച് അവർക്ക് പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാകത്തക്കനിലയിലുള്ള സമീപനം തന്നെയാണ് ആ ബോർഡികത്ത് ചർച്ച ചെയ്തത്. ആ ബോർഡിനെ പ്രതിനിധീകരിക്കുന്ന ഉടമകളുടെ പ്രതിനിധികൾ,

തൊഴിലാളികളുടെ പ്രതിനിധികൾ എല്ലാവരും ഈ കാര്യത്തിൽ ഏകകണ്ഠമായി നിലപാട് സ്വീകരിച്ചുവരികയാണ്. അത് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകേണ്ടത് ആവശ്യമാണ്. തൊഴിലാളികളുടെ താല്പര്യങ്ങൾ പരിരക്ഷിക്കാൻ ആവശ്യമായിട്ടുള്ള സമീപനം ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, തൊഴിൽ വകുപ്പിൽനിന്നും ഭവനപദ്ധതിയുൾപ്പെടെ വളരെയധികം അവസരങ്ങളും സഹായവും തോട്ടം തൊഴിലാളികൾക്ക് കിട്ടിയിട്ടുണ്ട്. റിട്ടയർ ചെയ്തശേഷവും തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിതമല്ല ഉള്ളത്. ആധാർ കാർഡിൽ ഒരു ഡേറ്റ് ഓഫ് ബെർത്ത്, കമ്പനി രജിസ്ട്രേഷനിൽ ഒരു ഡേറ്റ് ഓഫ് ബെർത്ത്, പ്രോവിഡന്റ് ഫണ്ട് ഓഫീസിൽ മറ്റൊരു ഡേറ്റ് ഓഫ് ബെർത്ത്. ഇതുകൊണ്ട് അവർക്ക് പെൻഷൻ കിട്ടുന്ന സാഹചര്യം നിലവിലില്ല. അതുകൊണ്ട് ഏതെങ്കിലും നിലയിൽ അവർക്ക് വ്യക്തതയോടുകൂടി പെൻഷൻ കിട്ടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇത് ഓരോ വിഷയത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതാണ്. ജനനതീയതി എന്റർ ചെയ്ത കാര്യത്തിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അതിനാവശ്യമായ തെളിവോടുകൂടി സമർപ്പിച്ചാൽ മാത്രമേ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. തോട്ടം തൊഴിലാളികൾ വളരെ ഗൗരവമായ സ്ഥിതിവിശേഷം നേരിടുകയാണ്. ലേബർ കോഡുകൾ പ്രാവർത്തികമാക്കുന്നതിന്റെ ഫലമായി തോട്ടം തൊഴിലാളികൾക്ക് അവകാശപ്പെട്ട പ്ലാന്റേഷൻ ലേബർ ആക്ട് ഇല്ലാതാകുകയാണ്. ആ സാഹചര്യത്തിലാണ് കേരള ഗവൺമെന്റ് പുതിയ പ്ലാന്റേഷൻ നയം പ്രഖ്യാപിച്ചത്. ആ നയം രൂപപ്പെടുത്തിയതുതന്നെ കേരളത്തിലെ തോട്ടം മേഖലയുടെയും തോട്ടം തൊഴിലാളികളുടെയും സംരക്ഷണത്തെ മുൻനിർത്തിയാണ്. തോട്ടം തൊഴിലാളികളുടെ പരിരക്ഷയ്ക്ക് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. റിട്ടെയർ ചെയ്ത് താമസിക്കാൻ സ്ഥലമില്ലാത്ത തൊഴിലാളികൾക്കുള്ള സ്വന്തം വീട് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. അത് കൂടുതൽ ശക്തമായി മുമ്പോട്ടുപോകാൻ കഴിയുന്ന നിലപാട് തന്നെയാണ്

സ്വീകരിക്കുന്നത്. ഈ പ്രതികൂല സാഹചര്യത്തിലും തോട്ടം തൊഴിലാളികളെ ചേർത്തുപിടിച്ച് അവർക്ക് പരമാവധി സംരക്ഷണം നൽകി കേരളത്തിന്റെ തോട്ടം മേഖലയെ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും സാധ്യമായ നടപടികളുമായി കേരളം മുമ്പോട്ടുപോകുകയാണ്. കുറേ നടപടി സ്വീകരിച്ചു കഴിഞ്ഞു. വീണ്ടും അത്തരം നടപടി കേരളത്തിൽ പ്രാവർത്തിക-മാക്കുന്നതിനുള്ള സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇടതുപക്ഷം മാത്രമാണ് ഇതിനൊക്കെ എതിരായി നിൽക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇന്ത്യയിലെ നാൽപ്പത്തിനാല് തൊഴിൽ നിയമങ്ങളിൽ ഭൂരിപക്ഷവും തൊഴിലാളി ക്ഷേമത്തിനുവേണ്ടി കൊണ്ടുവന്നത് കോൺഗ്രസ് ഗവൺമെന്റുകളാണ്. നരേന്ദ്രമോദി ഗവൺമെന്റ് ഇതിനെതിരായ നിലപാട് സ്വീകരിക്കുമ്പോൾ പാർലമെന്റിനകത്തും പുറത്തും സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ഐ.എൻ.ടി.യു.സി.യാണെന്ന കാര്യം വിസ്മരിച്ചുകൊണ്ടാണിത് പറയുന്നത്. ഇടതുപക്ഷക്കാർ മാത്രമാണ് ഇതിനൊക്കെ എതിര് പറയുന്നതെന്നുപറയുന്നത് ശരിയായ നിലപാടല്ല. തൊഴിൽ നിയമങ്ങൾ

മാറ്റിമറിച്ചുകൊണ്ട് കോർപ്പറേറ്റുകൾക്കുവേണ്ടി പ്രവർത്തിക്കുന്ന നരേന്ദ്രമോദി ഗവൺമെന്റിനെതിരായി ഒരു ജോയിന്റ് പ്ലാറ്റ്ഫോം രാജ്യത്ത് വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത് ശരിയാണോ? അങ്ങ് തോട്ടങ്ങളെപ്പറ്റി പറഞ്ഞു, ഏത് തോട്ടമാണ് ഏറ്റെടുത്തത്; അവർക്കുവേണ്ടി എന്ത് ചെയ്തെന്നാണ് പറയുന്നത്; തുറക്കാത്ത എത്രയോ തോട്ടങ്ങൾ ഇടുക്കി ജില്ലയിലുണ്ട്. അങ്ങ് പറയുന്നത് കേട്ടാൽ തോന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ തോട്ടങ്ങളും തുറന്ന് പ്രവർത്തിക്കുകയാണെന്ന്. അവാസ്തവമായ പ്രസ്താവനകൾ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ നടത്താൻ പാടില്ല.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുത്. ഞാൻ പറയാത്ത കാര്യം പറഞ്ഞെന്നാണ് അങ്ങ് ഇവിടെ പറയുന്നത്. ലേബർ കോഡിനെ സംബന്ധിച്ച പ്രശ്നങ്ങളിൽ പാർലമെന്റ് പാസ്സാക്കിയ കോഡ് ഓൺ വേജസ്സിന്റെ പൂർണ്ണ നിയമനിർമ്മാണം കേന്ദ്രം നടപ്പിലാക്കികഴിഞ്ഞിട്ടുണ്ട്. ഞാൻ ഐ.എൻ.ടി.യു.സി.-യെപ്പറ്റി വിമർശിച്ചിട്ടില്ല. ഐ.എൻ.ടി.യു.സി.

കൂടി യോജിക്കുന്ന നിലപാടിനെ ഉയർത്തിപ്പിടിക്കുന്ന ആളാണ് ഞാൻ. ഈ ഗവൺമെന്റും അതിന് സപ്പോർട്ടാണ്. ഒരു കാരണവശാലും ഞാൻ ഐ.എൻ.ടി.യു.സി.-യെ വിമർശിച്ചിട്ടില്ല. ഈ പ്രശ്നത്തിൽ വിമർശിക്കുകയുമില്ല. കാരണം യോജിച്ച പ്രസ്ഥാനത്തിൽ ഐ.എൻ.ടി.യു.സി. ഉണ്ട്. താങ്കൾ പറയുന്നതുപോലെയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരിശോധിക്കേണ്ടത്, കോഡ് ഓൺ വേജസ് 2019 പാർലമെന്റിൽ ചർച്ച ചെയ്ത് പാസ്സാക്കിയ സമയത്ത് ഇതിനെ ആരാണ് എതിർത്തതെന്ന് പരിശോധിക്കണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഞാൻ കോൺഗ്രസ്സിനെ വിമർശിച്ചിട്ടുണ്ടോ? അത് പരിശോധിച്ചാൽ 2019-ലെ കോഡ് ഓൺ വേജസിന്റെ പ്രശ്നത്തിൽ, അതിനെ എതിർത്തുനിന്നത് പാർലമെന്റിൽ ഇടതുപക്ഷം മാത്രമാണ്. ആ വിഷയം മാത്രമാണ്, മറ്റെല്ലാ വിഷയത്തിന് അത് ബാധകമല്ല. പാർലമെന്റ് ഉൾപ്പെടെ ഇവിടെ ഇപ്പോൾ വന്നുചേർന്നിരിക്കുന്ന ഒരു പ്രശ്നം, തോട്ടം മേഖലയിൽ ഒരു റബ്ബർ മരം മുറിച്ചുമാറ്റണമെങ്കിൽ 2500 രൂപ സീനറേജ് കെട്ടേണ്ടിയിരുന്നു. അതിന്റെ ഫലമെന്താണ്? ലക്ഷക്കണക്കിന് മരങ്ങൾ വെട്ടിമാറ്റി റീ-പ്ലാന്റ് ചെയ്യുന്നതിനുവേണ്ടിയുള്ള സൗകര്യമില്ലാതായി. റീ-പ്ലാന്റ്

ചെയ്യുന്നതിനുവേണ്ടിയുള്ള സൗകര്യമുണ്ടാക്കുക എന്നത്, തോട്ടത്തിന്റെ സംരക്ഷണത്തിനും തൊഴിൽ നിലനിർത്തുന്നതിനും ആവശ്യമാണ്. ഇതിന് ഈടാക്കിയിരുന്ന സീനറേജ് 2500 രൂപ എന്നുള്ളത് മാറ്റിയില്ലേ? തോട്ടങ്ങളിൽ നിങ്ങൾ എന്തുചെയ്തുവെന്ന അങ്ങയുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട സ്പീക്കർ സമയം അനുവദിക്കുകയാണെങ്കിൽ തോട്ടം മേഖലയ്ക്ക് ചെയ്തിട്ടുള്ള നിരവധി കാര്യങ്ങൾ എനിക്കിവിടെ വിശദീകരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെയല്ല അതിന്റെ വസ്തുത.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഐ.എൻ.ടി.യു.സി. അഖിലേന്ത്യാടിസ്ഥാനത്തിൽ നടക്കുന്ന സമരവീഥിയിൽ ഒന്നിച്ചാണു-ള്ളതെന്നത് വസ്തുതയാണ്. പക്ഷേ അത് ഇപ്പോൾ തുടങ്ങിയതല്ല. യു.പി.എ. ഗവൺമെന്റ് തൊഴിലാളി വിരുദ്ധ നടപടി സ്വീകരിച്ചപ്പോൾ, കോൺഗ്രസ് നേതൃത്വത്തിലുള്ള ഗവൺമെന്റ് തന്നെ, പക്ഷെ അതിനെതിരെ രാജ്യത്തെ തൊഴിലാളികളാകെ ഒന്നിച്ച് പ്രക്ഷോഭം നടത്താൻ തയ്യാറായപ്പോൾ, അതിൽ ഐ.എൻ.ടി.യു.സി.കൂടിയുണ്ടായിരുന്നു. കാരണം തൊഴിലാളി താൽപ്പര്യത്തിന്റെ ഭാഗമായി തന്നെയാണ് ഐ.എൻ.ടി.യു.സി. അതിൽ

നിന്നത്. എന്നാൽ ഒരു വ്യത്യാസം വന്നത്, അന്ന് സമരരംഗത്തുണ്ടായിരുന്ന ബി.എം.എസ്. അന്നത്തെ കേന്ദ്രഗവൺമെന്റിന്റെ, യു.പി.എ. ഗവൺമെന്റിന്റെ നയം കൂടുതൽ കർക്കശമാക്കി തൊഴിലാളി വിരുദ്ധമായ രീതിയിൽ മോദി ഗവൺമെന്റ് നടപ്പാക്കുമ്പോൾ ആർ.എസ്.എസ്. കണ്ണുരുട്ടിയപ്പോൾ ബി.എം.എസ്. പിൻതാങ്ങിപ്പോയി. ഐ.എൻ.ടി.യു.സി. ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മറ്റേത് മറന്നുപോകരുതെന്നുള്ളതുകൊണ്ടാണ് ആ ഭാഗം കൂടി ഞാൻ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)